2015 ജനുവരി 10
വാല്യം 08
ലക്കം 01

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹ 150/- Pages: 12

# എയർ ഏഷ്യ ദുരന്തത്തിൽ മരണപ്പെട്ടവരിൽ 50–ൽ ഏറെ വിശ്വാസികൾ

**പ്രകാശ് പി. കോശി**




ലോകത്തെ നടുക്കിയ വിമാനദുരന്തത്തിൽ, ജാവ കടലിൽ വീണ AIRASIA 8501 വിമാനത്തിലെ യാത്രക്കാരിൽ 50-ലേറെ വിശ്വാസികൾ ആയിരുന്നു എന്ന് വാർത്ത. ഇന്തോനേഷ്യയിലെ രണ്ടാമത്തെ വലിയ നഗരമായ സുരബായയിൽ നിന്ന് ഡിസംബർ 28ന് പറന്ന വിമാനമാണ് ജാവ കടലിൽ വീണത്. സുരബായയിലെ പ്രമുഖസഭയായ മവർ ഷാരോൻ സഭയിലെ 46 വിശ്വാസികൾ അപകടത്തിൽപ്പെട്ടു മരണമടഞ്ഞു.

“ജീവിതത്തിൽ സംഭവിക്കുന്ന ഇതുപോലെയുള്ള ദുരന്തങ്ങൾ മനസിലാക്കാൻ കഴിയുന്നതിൽ അപ്പുറം ആണെങ്കിലും, ദൈവം ഇതിലെല്ലാം വലിയവനാണ്”. സുരബായയിലെ എയർപോർട്ടിൽ നടന്ന ഒരു പ്രാർത്ഥന മീറ്റിംഗിൽ വച്ച് മവർ ഷാരോൻ സഭയുടെ പാസ്റ്റർ ഫിലിപ്പ് മാന്റോഫാ പറഞ്ഞു.

“ദൈവം തിന്മയല്ല, ഈ അന്ധകാരത്തിൽ മുന്നോട്ട് പോകാൻ ദൈവം ഞങ്ങളെ സഹായിക്കട്ടെ” പറഞ്ഞു പാസ്റ്റർ ഫിലിപ്പ്.

മവർ ഷാരോൻ സഭ ഈ പട്ടണത്തിലെ ഒരു മെഗാ ചർച്ചാണ്. 16,000 ലേറെ വിശ്വാസികൾ ഈ സഭയിലും ശാഖകളിലും ആരാധിക്കുന്നു.

“എന്നെ സംബന്ധിച്ചിടത്തോളം, 46 ഒരു ചെറിയ സംഖ്യയല്ല. അവരെ ഞങ്ങൾ ഒത്തിരി സ്നേഹിക്കുന്നു, കരുതുന്നു. എന്റെ ഹൃദയം തകരുന്നു, ചിലരെങ്കിലും രക്ഷപ്പെടട്ടെയെന്ന് പ്രാർത്ഥിക്കുന്നു” പാസ്റ്റർ ഫിലിപ്പ് പറഞ്ഞു. ഈ നഗരത്തിലെ ഒരു കതോലിക്ക സഭയിലെ 27-ഓളം വിശ്വാസികൾ അപകടത്തിൽ മരിച്ചു. മറ്റൊരു കൂട്ടായ്മയായ ബെഥനി സഭയിലെ അഞ്ച് വിശ്വാസികളും ദുരന്തത്തിൽപ്പെട്ടു.

ഗെരജാ ക്രിസ്റ്റൻ ഇന്തോനേഷ്യ നാഗൽ ചർച്ച് എന്ന പ്രിസ്ബിറ്റീരിയൽ കൂട്ടായ്മയിലെ മൂന്ന് അംഗങ്ങളും വിമാനത്തിൽ യാത്ര ചെയ്തവരാണ്.

സുരബയിയിലെ പ്രമുഖ സഭകളിൽ നിന്നുള്ള 50ഓളം വിശ്വാസികൾ വിമാന അപകട

04

## യുവാക്കൾ സത്യത്തെ അനുഗമിക്കുന്നവരാകണം: പാസ്റ്റർ വൈ. റെജി




**മുളക്കുഴ:** കാപട്യം നിറഞ്ഞ ലോകത്തിൽ യുവജനങ്ങൾ സത്യത്തെ അനുഗമിക്കുന്നവരാകണമെന്ന് ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് വൈ.പി.ഇ. പ്രസിഡന്റ് റവ. വൈ. റെജി പ്രസ്താവിച്ചു. ഡിസംബർ 25-27 വരെ നടന്ന വൈ. പി. ഇ സ്റ്റേറ്റ് ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലഹരി, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം വർദ്ധിക്കുന്ന കാലഘട്ടത്തിൽ ക്രൈസ്തവ യുവാക്കളുടെ ഉത്തരവാദിത്വം വലുതാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

സ്റ്റേറ്റ് സെക്രട്ടറി ബ്രദർ അജി കുളങ്ങര അദ്ധ്യക്ഷത വഹിച്ചു. റവ. പി.ജെ. ജെയിംസ് (സ്റ്റേറ്റ് ഓവർസീയർ), പാസ്റ്റർ പി.സി. ചെറിയാൻ (സ്റ്റേറ്റ് സെക്രട്ടറി), പാസ്റ്റർ പി.ജി. മാത്യുസ് (അസി. ഓവർസിയർ), പാസ്റ്റർ പി.ആർ. ബേബി, പാസ്റ്റർ അനിൽ കൊടിത്തോട്ടം, പാസ്റ്റർ റ്റി. തോമസ് (യു. എസ്. എ), പാസ്റ്റർ സുശീൽ മാത്യു (കുവൈറ്റ്), പാസ്റ്റർ രാജൻ ഏബ്രഹാം (യു എസ്എ), ഡോ. സി.വി. ഏബ്രഹാം, എന്നിവർ പ്രസംഗിച്ചു. “ട്രൂ ഫോളോവേഴ്സ്” എന്നതായിരുന്നു ക്യാമ്പിലെ ചിന്താവിഷയം. പാസ്റ്റർ ജെയ് മോഹൻ അതിരുങ്കൽ നടത്തിയ പ്രത്യേക പ്രോഗ്രാം പങ്കെടുത്തവർക്ക് വ്യത്യസ്ത അനുഭവമായിരുന്നു.

പാസ്റ്റർമാരായ എ.റ്റി. ജോസഫ്, സജി ജോർജ്ജ്, സാംകുട്ടിമാത്യു, ജെയ്സ് പാണ്ടനാട്, സജി മാത്യു (യൂ.കെ) ബ്രദർ ജോസഫ് മറ്റത്തുകാല എന്നിവർ ആശംസകളർപ്പിച്ചു. പാസ്റ്റർ ജെഫി യോഹന്നാൻ, പാസ്റ്റർ സോണി ജോർജ്, പാസ്റ്റർ കെ. എ. ഡേവിഡ് എന്നിവർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. വൈസ് പ്രസിഡന്റ് പാസ്റ്റർ സജി ഏബ്രഹാം, ജോ. സെക്രട്ടറി മാത്യു ബേബി എന്നിവരടങ്ങിയ സ്റ്റേറ്റ് ബോർഡ് നേതൃത്വം നൽകി.

## ദൈവസഭ കേരളാ റീജിയൻ ജനറൽ കൺവൻഷൻ – 2015


റവ. ജോസഫ് ടി. സാം


റവ. കെൻ. ആൻഡേഴ്സൺ

ഇന്ത്യാ ദൈവസഭ കേരളാ റീജിയൻ ജനറൽ കൺവൻഷൻ 2015 ജനുവരി 26 മുതൽ ഫെബ്രുവരി 1 വരെ പ്രത്യാശ നഗറിൽ (പഴയിടത്ത് ഗ്രൗണ്ട്, മുക്കാഞ്ഞിരം, പായിപ്പാട്) വച്ച് നടക്കുന്നതായിരിക്കും. 26ന് ദൈവസഭ ഓവർസീയർ റവ. ജോസഫ്

05




**ബിലീവേഴ്സ് ജേണൽ സ്റ്റാൾ സന്ദർശിക്കൂ... സമ്മാനം നേടൂ....**

കുമ്പനാട് കൺവൻഷനിൽ ബിലീവേഴ്സ് ജേണൽ സ്റ്റാൾ സന്ദർശിച്ച് വരിസംഖ്യ പുതുക്കുന്ന/അടയ്ക്കുന്ന വരിക്കാർക്ക് ആകർഷകമായ സമ്മാനങ്ങൾ. നേടൂ! കലണ്ടർ, സംഗീത സി.ഡി., വചനപഠനപരമ്പര രണ്ട് വാല്യം ഡി.വി.ഡി.



* വ്യവസ്ഥകൾ ബാധകം

## സാക്ഷി



എല്ലാ മാന്യവായനക്കാർക്കും ഹൃദയം നിറഞ്ഞ നവവത്സര ആശംസകൾ

## ഒരുക്കങ്ങൾ പൂർത്തിയാകുന്നു കുമ്പനാട് കൺവൻഷൻ ജനുവരി 18–ന് തുടങ്ങും: ഉപവാസപ്രാർത്ഥന ജനുവരി 11 മുതൽ 17 വരെ

**കുമ്പനാട്:** പരിശുദ്ധാത്മ പകർച്ചയുടെ പുത്തൻ അനുഭവങ്ങൾ പ്രതീക്ഷിച്ച് ലോകമെങ്ങുമുള്ള വിശ്വാസി സമൂഹത്തെ വരവേൽക്കാൻ കുമ്പനാട് ഒരുങ്ങി. ഭാരതത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് പ്രസ്ഥാനമായ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ (ഐ. പി. സി) അന്തർദേശീയ കൺവൻഷൻ എന്നതിലുപരി വിവിധ പെന്തെക്കോസ്ത് സഭാവിഭാഗങ്ങളിലുള്ള വിശ്വാസികളുടെയും ദൈവവചന സ്നേഹികളായ മലങ്കരയിലെ ക്രിസ്തീയ വിശ്വാസികളുടെയും സംഗമമായ കുമ്പനാട് കൺവൻഷൻ 2015 ജനുവരി 18 ഞായറാഴ്ച്ച വൈകിട്ട് ഹെബ്രോൻപുരത്ത് തുടങ്ങും. ജനുവരി 25-ന് രാവിലെ ഏഴിന് പതിനായിരക്കണക്കിന് വിശ്വാസികൾ പങ്കെടുക്കുന്ന കർത്തൃമേശയോടും തുടർന്ന് നടക്കുന്ന സമാപന സമ്മേളനത്തോടും കൺവൻഷന് തിരശീല വീഴും.

ഇപ്പോൾ നവതി (90വർഷം) പിന്നിട്ട കുമ്പനാട് കൺവൻഷനിൽ പതിനായിരങ്ങളാണ് ദിവസേന ദൈവവചനം ശ്രവിക്കാനും പരിശുദ്ധാത്മാവിന്റെ പുതുക്കം പ്രാപിക്കാനും എത്തുന്നത്. സഭയ്ക്ക് ഇന്ത്യയുടെ വിവിധ സ്റ്റേറ്റുകളിലുള്ള പ്രവർത്തനങ്ങൾ കൂടാതെ യു.എസ്.എ, കാനഡ, യു.കെ, ഓസ്ട്രേലിയ, ഗൾഫ് തുടങ്ങിയ രാജ്യങ്ങളിലും സജീവമാണ്.

കൺവൻഷൻ 2015 ജനുവരി 18ന് വൈകിട്ട് 6 മണിക്ക് സഭയുടെ ജനറൽ പ്രസിഡന്റ് ജേക്കബ് ജോൺ ഉദ്ഘാടനം ചെയ്യും. സീനിയർ മിനിസ്റ്ററും സഭയുടെ മുൻ ജനറൽ പ്രസിഡന്റുമായ പാസ്റ്റർ കെ.സി. ജോൺ അദ്ധ്യക്ഷത വഹിക്കും. ആക്ടിങ്ങ് ജനറൽ സെ

09

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ

# നിർമ്മല സുവിശേഷം പ്രസംഗിക്കുക

എഡിറ്റോറിയൽ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

വീണ്ടും ഒരു കൺവൻഷൻ സീസൺ കൂടി എത്തിയിരിക്കുന്നു. ജനറൽ കൺവൻഷനുകളുടെ തിരക്കാണിപ്പോൾ. കോടിക്കണക്കിനു രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്. എല്ലാ വർഷവും ആഘോഷമായി കൺവൻഷനുകൾ നടത്തുന്നവർ അതുകൊണ്ട് എന്തു നേടി എന്ന അന്വേഷണം നടത്താറില്ല. പുത്തൻ പ്രവണതകളും ദുരുപദേശങ്ങളും എല്ലാം കൊണ്ട് നമ്മുടെ സമൂഹം മലീമസമായിരിക്കുന്നു. മുഖ്യധാരാ പെന്തെക്കോസ്തു പ്രസ്ഥാനങ്ങളുടെ പഠിപ്പിക്കലുകൾ വിശദമാക്കാനും നവപ്രവണതകളെയും ദുരുപദേശങ്ങളെയും ഖണ്ഡിക്കുവാനുള്ള നല്ല അവസരം കൂടെയാണ് ജനറൽ കൺവൻഷനുകൾ. നിർഭാഗ്യകരമെന്നു പറയട്ടെ തൊണ്ണൂറ്റിയൊൻപതു ശതമാനം പ്രസംഗകരും ഇത്തരം കാര്യങ്ങൾ പരാമർശിക്കാറു പോലുമില്ല. ഉപദേശത്തിനായി നിലകൊള്ളുന്നുവെന്നു നാം കരുത്തുന്ന പല പ്രസംഗകരും ന്യൂജനറേഷൻ പ്രസ്ഥാനങ്ങളുടെയും പ്രസംഗകരാണ്. രണ്ട് സ്ഥലങ്ങളിലും അവർ വേഷപ്പകർച്ചയോടെ ആടി, കൂലി വാങ്ങിമടങ്ങുന്നു.

സമൃദ്ധിയുടെ സുവിശേഷം ജനങ്ങൾക്ക് നൽകുന്ന സന്ദേശം വളരെ തെറ്റായ നിലയിലാണ്. ഇവിടെ അനുഭവിക്കുവാൻ കഴിയുന്ന സാമ്പത്തിക ഉയർച്ചകളും ഒക്കെ വികലമായ നിലയിൽ അവതരിപ്പിക്കുമ്പോൾ യഥാർത്ഥ ക്രിസ്തീയ ജീവിതത്തിൽ അനുഭവിക്കേണ്ട കഷ്ടതകളെക്കുറിച്ചോ പീഡകളെക്കുറിച്ചോ ത്യാഗത്തെക്കുറിച്ചോ ഇക്കൂട്ടർ നിശബ്ദരാണ്. യേശു പറഞ്ഞത് ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ എന്നാണ്. ക്രൂശിന്റെ വഴിയിലൂടെ ലഭ്യമാകുന്ന കിരീടത്തെക്കുറിച്ചാണ് വേദപുസ്തകം പഠിപ്പിക്കുന്നത്.

ദൈവവചന ശുശ്രൂഷയുടെ വേദികളിൽ ദൈവനാമം മഹത്വമെടുക്കുവാൻ ഇടയാകുക എന്നുള്ളതാണ് പ്രധാനം. പ്രസംഗകൻ സ്വയം പുകഴുവാനോ താൻ കഴിവുള്ളവനാണെന്നും മറ്റുള്ളവരെക്കാൾ ശ്രേഷ്ഠനെന്നും പ്രകടിപ്പിക്കുവാനോ ഉള്ള ഇടമല്ല പ്രസംഗവേദി. ദൈവവചനത്തെക്കുറിച്ച് ആഴമായ അറിവ്, പ്രാർത്ഥനാജീവിതം, ദൈവകൃപ എല്ലാം പ്രസംഗകന് അത്യന്താപേഷിതമാണ്. പഴഞ്ചൻ പ്രസംഗങ്ങളുമായി വേദികളിൽ കറങ്ങുന്ന പ്രൊഫഷണൽ പ്രസംഗകരെ ഒഴിവാക്കുന്നതാണ് ആത്മീക അനുഗ്രഹത്തിന് കരണീയം.

പ്രസംഗിക്കുന്നതുപോകട്ടെ ഒരു സദസ്സിനെ അഭിസംബോധന ചെയ്ത് വിറയലില്ലാതെ രണ്ട് വാക്ക് പറയുവാൻ കഴിവില്ലാത്തവർപോലും പണത്തിന്റെയും സ്വാധീനത്തിന്റെയും പിൻബലത്തിൽ ജനറൽ കൺവൻഷൻ വേദികളിൽ നിൽക്കുന്നതുകാണുമ്പോൾ പലപ്പോഴും സഹതാപം തോന്നാറുണ്ട്. ഒന്നാം നൂറ്റാണ്ടിലെ സഭയിൽ തന്റെ ദ്രവ്യം കൊണ്ട് ആത്മീക കൃപകളെ വാങ്ങുവാൻ ശ്രമിച്ച ശീമോന്റെ അനുഭവം അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയത് ശ്രദ്ധിക്കുക.

മാനസാന്തരം, വീണ്ടുംജനനം, വിശ്വാസസ്നാനം, പ്രാർത്ഥനാജീവിതം, വിശുദ്ധജീവിതം, യേശുക്രിസ്തുവിന്റെ മടങ്ങിവരവ് ഇതെല്ലാമാണ് സുവിശേഷത്തിൽ അടങ്ങിയിരിക്കുന്നത്. ഇവിടെ പണിതുയർത്തുന്ന സാമ്രാജ്യങ്ങൾ താല്ക്കാലികമാണ്. എന്നാൽ ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തെക്കുറിച്ചുള്ള പ്രത്യാശ വിശ്വാസികളിൽ നിറയുവാൻ ഇടയാകുന്ന വിധത്തിൽ ആത്മപ്രയോജിതമായ പ്രസംഗങ്ങളാണ് ഇന്നിന്റെ ആവശ്യം.

ആത്മീയവേദിക്കു യോജിക്കാത്ത തരംതാണ തമാശകളും കാലഹരണപ്പെട്ട ഉദാഹരണങ്ങളും കൊണ്ട് ജനത്തെ ചിരിപ്പിക്കുവാൻ ശ്രമിക്കുന്ന കോമാളി പ്രസംഗകരെ ഒഴിവാക്കുന്നതാണ് നല്ലത്. പ്രാസം ഒപ്പിച്ച് പ്രസംഗിക്കുന്ന ചില പ്രസംഗകർ ഉപയോഗിക്കുന്ന വാക്കുകളുടെ അർത്ഥം അവർക്കു തന്നെ അറിയാമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പുസ്തകം കോപ്പിയടിച്ചും പ്രസംഗം കോപ്പിയടിച്ചും സ്റ്റേജിൽ മിടുക്കരാകുന്നവരുണ്ട്. എന്നാൽ അപ്പൊസ്തലനായ പൗലോസ് കൊരിന്ത്യർക്ക് ലേഖനം എഴുതുമ്പോൾ താൻ പറയുന്ന ഒരു വാക്യം ശ്രദ്ധേയമാണ്. 'ഞാൻ കർത്താവിൽ നിന്നും പ്രാപിക്കുകയും നിങ്ങൾക്ക് ഏൽപ്പിച്ചുതരികയും ചെയ്യുന്നത് ....' ഇത് കർത്താവിന്റെ മേശയെക്കുറിച്ചുള്ള പ്രസ്താവനയാണെങ്കിലും ഇതിൽ അടങ്ങിയിരിക്കുന്ന യാഥാർത്ഥ്യം കർത്താവിങ്കൽ നിന്ന് പ്രാപിച്ച് ജനത്തിന് കൊടുക്കുക എന്നുള്ളതാണ് കർത്തൃശുശ്രൂഷകന്റെ കടമ. എന്നാൽ ഇന്ന് കുറുക്കുവഴികളിലൂടെ ജനത്തിന്റെ കൈയടി നേടുവാനുള്ള വൃഥാശ്രമമാണ് പല ശുശ്രൂഷകരും ചെയ്തുവരുന്നത്. അതുകൊണ്ട് മനുഷ്യരുടെ മുമ്പാകെ പുകഴ്ച ലഭിക്കുമെന്നല്ലാതെ ദൈവസന്നിധിയിൽ യാതൊരു പ്രയോജനവും ഉണ്ടാകുകയില്ല. നിർമ്മലമായ സുവിശേഷം ജനത്തിന് നൽകുവാനുള്ള അവസരമാണ് നമ്മുടെ കൺവൻഷൻ വേദികൾ. പ്രാർത്ഥനാപൂർവ്വം അത് ഉത്തരവാദിത്വത്തോടും ആത്മഭാരത്തോടും ചെയ്യുവാൻ പ്രസംഗകർ ശ്രദ്ധിക്കട്ടെ. ജനത്തെ ക്രിസ്തുവിലേക്കും ആത്മീക അഭിവൃദ്ധിയിലേക്കും നടത്തുവാൻ അത് മുഖാന്തിരം ആകട്ടെ.

---

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

– തുടർച്ച–



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

**രണ്ടാം അദ്ധ്യായം**

തിമൊഥെയൊസിന് എഴുതിയ ഒന്നാമത്തെ ലേഖനത്തിലെ രണ്ടാം അദ്ധ്യായത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രധാനപ്പെട്ട രണ്ടു വിഷയങ്ങളാണ് ഒന്നു മുതൽ എട്ടു വരെയുള്ള വാക്യങ്ങളിൽ കൈകാര്യം ചെയ്യുന്ന ഭരണകൂടവും പ്രാർത്ഥനയും. ഒന്നു മുതൽ പതിനഞ്ച് വരെയുള്ള വാക്യങ്ങളിൽ പ്രതിപാദിക്കുന്ന സഭയും സ്ത്രീകളും എന്നുള്ളത് പൗലോസ് ശ്ലീഹാ രണ്ടാം അദ്ധ്യായം തുടങ്ങുന്നത് സകല മനുഷ്യർക്കും എന്ന സംബോധനയോടുകൂടെയാണ്. സകലമനുഷ്യർക്കും എന്നു പറഞ്ഞാൽ എല്ലാമനുഷ്യർക്കും എന്നാണ് ആശയം നാം എന്നു പറഞ്ഞാൽ ഭൂമിയിലുള്ള സകലദൈവജനവും. 'സർവ്വഭക്തിയോടും', സർവ്വഭക്തി എന്നു പറഞ്ഞാൽ പൂർണ്ണഭക്തി എന്നർത്ഥം. ക്രിസ്തീയ വിശ്വാസികൾക്ക് പരിചയമുള്ള പദങ്ങളാണ് സർവ്വവ്യാപി, സർവ്വജ്ഞാനി, സർവ്വശക്തൻ എന്നെല്ലാം. അപ്പോൾ പരിപൂർണ്ണ ഭക്തിയാണ് ആ വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്. ഭക്തി എന്നു പറഞ്ഞാൽ ഒരു വ്യക്തിക്കോ, കൂട്ടത്തിനോ ദൈവത്തോടോ, മനുഷ്യരോടോ, മറ്റാരോടോ സാധാരണ നിലയെക്കാൾ അകമഴിഞ്ഞ സ്നേഹമോ ആഴമായ ആദരവോ, ഭയമോ ബഹുമാനമോ ഉണ്ടെങ്കിൽ അതിനെ ഭക്തി എന്നു പറയാം. ഭക്തി എന്ന വാക്ക് പലതിനോടും ചേർത്ത് നാം ഉപയോഗിക്കാറുണ്ട്. ദേശഭക്തി, അധരഭക്തി, ഭയഭക്തി, കപടഭക്തി എന്നിങ്ങനെ പറയാൻ കഴിയും. സാധാരണഭക്തിയിൽ രണ്ടുവിധ ഭക്തി അടങ്ങിയിരിക്കുന്നു. ഒന്ന് ദൈവഭക്തി, രണ്ട് മനുഷ്യനോടുള്ള ഭക്തി. ദൈവത്തോടുള്ള ഭക്തി ലംബമെന്നും മനുഷ്യനോടുള്ളത് സമാന്തരമെന്നും പറയാം. നോക്കുക ഭൂമിയേയും സ്വർഗ്ഗത്തേയും തമ്മിൽ ചേർത്ത് വരയ്ക്കുവുന്ന ലംബരേഖയാണ് ദൈവഭക്തി. രണ്ടാമത്തേത് ഭൂമിയിൽ നിന്നും ഭൂമിയിലേക്ക് വരയ്ക്കാവുന്ന സമാന്തരരേഖയാണ് മനുഷ്യഭക്തി. ഇത് രണ്ടും പ്രസ്താവിക്കുന്ന പുതിയനിയമത്തിലെ ഒരു പ്രധാനഭാഗമാണ്. യേശുവിനോടു ന്യായശാസ്ത്രി ചോദിച്ച ചോദ്യം ഏറ്റവും വലിയ കല്പന ഏത് എന്നുള്ളതാണ്. അതിനു ഉത്തരം പറഞ്ഞത്, കർത്താവിനെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം, രണ്ടാമത്തെതോ കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കണം എന്നുള്ളതാണ്. മർക്കൊസ് 12:30–31, മത്തായി 22:38–40. മനുഷ്യർക്കു കാണുവാനും കേൾക്കുവാനും ഗ്രഹിക്കുവാനും കഴിയാറുള്ളത് ഭക്തിയുടെ ലംബതലം മാത്രമാണ്. അതുകൊണ്ട് പ്രാർത്ഥനജീവിതവും വചനധ്യാനവും ആത്മീയകൂട്ടായ്മകളും ദാനധർമ്മങ്ങളും ഭക്തിയുടെ ലക്ഷണങ്ങളാണ്. മാനുഷീക ഭക്തി ബഹുമാനത്തിലൂടെയും നല്ലകാര്യങ്ങൾ ചെയ്യുന്നതിലൂടെയും താഴ്മയിലൂടെയും വിനയത്തിലൂടെയും വെളിപ്പെടുത്തുവാൻ കഴിയും. കൈസര്യയിൽ ഇത്താലിക എന്ന സൈന്യവിഭാഗത്തിലെ കൊർന്നല്യൊസ് എന്ന ശതാധിപൻ വളരെ ഭക്തനായിരുന്നു. അ. പ്രവ:10:1–3. ഭക്തിയെ കുറിച്ച് തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന ചില വാക്യങ്ങൾ ശ്രദ്ധിക്കുക–

1. യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. സദൃ:1:7
2. യഹോവഭക്തി ദോഷത്തെ വെറുക്കുന്നതാകുന്നു, സദൃശ:8:13
3. യഹോവഭക്തി ആയുസ്സിനെ ദീർഘമാക്കുന്നു, സദൃശ:10:2
4. യഹോവഭക്തി ഉള്ളവന് ദൃഢധൈര്യം ഉണ്ട്, സദൃശ:14:26
5. യഹോവഭക്തി ജീവന്റെ ഉറവാകുന്നു, സദൃശ:14:27
6. യഹോവഭക്തിയോടുകൂടിയ അല്പധനം ഏറ്റവും നല്ലത്, സദൃശ:15:16
7. യഹോവഭക്തി ജ്ഞാനോപദേശമാകുന്നു, സദൃ.15:13
8. യഹോവഭക്തി കൊണ്ട് മനുഷ്യർ ദോഷം വിട്ടകലുന്നു, സദൃശ:16:6
9. യഹോവഭക്തി ജീവഹേതുകമാകുന്നു, സദൃശ:19:23
10. യഹോവഭക്തിയുടെ പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു, സദൃശ.22:4
11. ആകയാൽ "നീ എല്ലായ്പ്പോഴും യഹോവഭക്തിയോടിരിക്ക" സദൃശ.23:17

'സർവ്വഭക്തിയോടും' എന്ന് പറഞ്ഞതിനുശേഷം അടുത്തതായി പൗലോസ് പറയുന്നത്, 'വിശുദ്ധിയോടും' എന്നാണ്. 'വിശുദ്ധി' എന്നത് വിശുദ്ധ വേദപുസ്തകത്തിലെ സുപ്രധാന വിഷയങ്ങളിൽ ഒന്നാണ്. ആയിരത്തിലധികം പ്രാവശ്യം വിശുദ്ധി എന്ന വാക്ക് ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട്. ദൈവജനത്തിന്റെ മദ്ധ്യത്തിൽ വളരെ കുറച്ചു മാത്രം പ്രസംഗിക്കപ്പെടുകയും പരിഗണിക്കപ്പെടുകയും ചെയ്യുന്ന വിഷയമത്രെ വിശുദ്ധി. ക്രൈസ്തവ ഉപദേശങ്ങളുടെ കലവറ സംരക്ഷകൻ എന്ന് സ്വയം വിശേഷിപ്പിക്കുന്നവരും ഉപദേശപരമായ നിസ്സാര വ്യത്യാസങ്ങളെ പർവ്വതീകരിച്ചു ദൈവജനത്തിന്റെ ഇടയിൽ ബോധപൂർവ്വം ശണ്ഠയും ഭിന്നതയും നിലനിർത്തുവാൻ അജീവ ജാഗ്രതയോടെ അത്യാദ്ധ്വാനം ചെയ്യുന്നവരും ഉറക്കെ ശബ്ദം ഉണ്ടാക്കുന്നവരും വിശുദ്ധിയുടെ കാര്യത്തിൽ നിഷ്ക്രീയരുമത്രെ. ഒരു വിശ്വാസിയുടെ മുന്തിയ പരിഗണനാ വിഷയം ജീവിത വിശുദ്ധിയാകുന്നു എന്നതിൽ സംശയമില്ല. 'ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ', എല്ലാ നടപ്പിലും വിശുദ്ധരായിരിപ്പിൻ "ലേവ്യ.19:2, 1പത്രോസ് 1:15–16, ദൈവത്തിന്റെ ഇഷ്

04

## എനിയ്ക്കും പറയാനുണ്ട്

# കുമ്പനാട് കൺവൻഷനും ഞാനും

കൺവൻഷൻ സീസൺ ആണല്ലോ ഇപ്പോൾ, പെന്തെക്കോസ്തുകാരെ സംബന്ധിച്ചിടത്തോളം കുമ്പനാട് കൺവൻഷൻ തന്നെയാണ് പ്രധാനം.

ഞാൻ ആദ്യമായി കുമ്പനാട് കൺവൻഷന് സംബന്ധിക്കുന്നത് 1984-ൽ ആണ്. 1983-ൽ രക്ഷിക്കപ്പെട്ട ഞാൻ പെന്തെക്കോസ്തുകാരെ ഭക്ത്യാദരവോടെയാണ് കണ്ടിരുന്നത്. അതിനാൽ തന്നെ പെന്തക്കോസ്തു കൺവൻഷനുകളിൽ സംബന്ധിച്ചിരുന്നതും അങ്ങനെ തന്നെ ആയിരുന്നു. ഹെബ്രോൻപുരത്തിന് ഇന്നു കാണുന്ന ആഡംബരം ഒന്നും അക്കാലത്തില്ലായിരുന്നെങ്കിലും ആത്മീക സന്തോഷത്തിന് ഒട്ടും കുറവില്ലായിരുന്നു. ബഹുമാന്യരായ പിതാക്കന്മാരുടെ പ്രസംഗങ്ങൾ ആത്മീക ഉത്തേജനം നൽകുന്നതായിരുന്നു. 1988-ൽ വേദപഠനത്തിനായി ഹെബ്രോനിൽ എത്തിയ കാലം മുതൽ കുമ്പനാട് കൺവൻഷൻ ജീവിതത്തിന്റെ ഭാഗമായി എന്നു പറയാം. വിദേശികൾ ധാരാളം പേർ അക്കാലത്ത് കൺവൻഷനിൽ പ്രസംഗകരായെത്തുമായിരുന്നു. ആഭരണ വിരോധികളായ ഐ.പി.സിക്കാരുടെ കൺവൻഷനിൽ പ്രസംഗകരായെത്തുന്ന വിദേശികളുടെ കൈയിലെ മോതിരം എന്നെ വളരെ ചിന്തിപ്പിച്ചിട്ടുണ്ട്. അവർ പ്രസംഗിക്കുമ്പോഴും ജനം സ്തോത്രവും ഹല്ലേല്ലുയ്യായും പറയുന്നതും കേൾക്കാമായിരുന്നു. ആരു പ്രസംഗിച്ചാലും "ആത്മാവിൽ" നിറയുന്ന പെന്തെക്കോസ്തുകാരുണ്ട്. (കോട്ടയത്ത് പോൾ യോംഗി ചോ വന്ന മീറ്റിംഗിൽ ശ്രീ. ഒ. രാജഗോപാൽ പ്രസംഗിച്ചപ്പോഴും തിരുവല്ലയിലെ ശതാബ്ദി മീറ്റിംഗിൽ ശ്രീ. കെ. എം. മാണി പ്രസംഗിച്ചപ്പോഴും ആത്മാവിൽ നിറയുന്നവരെ ഞാൻ കണ്ടു. എന്തിനേറെ കഴിഞ്ഞ വർഷം നടന്ന നവതി ഉദ്ഘാടനത്തിൽ രാഷ്ട്രീയക്കാരുടെ സുഖിപ്പിക്കൽ പ്രസംഗത്തിനായിരുന്നു കുമ്പനാട്ട് കൂടുതൽ ഹല്ലേല്ലുയ്യായും സ്തോത്രവും മുഴങ്ങിയത്)

കുമ്പനാട് കൺവൻഷനിൽ എന്നെ ഏറ്റവും ആകർഷിച്ച പ്രസംഗകർ പാസ്റ്റർ പി.എം. ഫിലിപ്പും പാസ്റ്റർ കെ.സി. ജോണും, ക്യാപ്റ്റൻ എ. എം. ശമുവേലുമാണ്.

കൺവൻഷൻ നിയന്ത്രിക്കുന്നതിൽ ഏറ്റവും ഭംഗിയായി വിജയിച്ചിട്ടുള്ളത് പാസ്റ്റർ റ്റി.എസ്. ഏബ്രഹാം തന്നെയാണ്. കർത്തൃമേശ ശുശ്രൂഷ ഭംഗിയായി അച്ചടക്കത്തോടെ നിർവ്വഹിക്കുന്നതിൽ പാസ്റ്റർ റ്റി.എസ് വിജയിച്ചിട്ടുണ്ട് എന്നാണെന്റെ പക്ഷം. പെന്തെക്കോസ്തിന് പൊതുസമൂഹമധ്യേ നല്ലൊരുമുഖമായാണ് എനിക്ക് അദ്ദേഹത്തെപ്പറ്റി തോന്നിയിട്ടുള്ളത്.

വിവാദങ്ങൾക്കപ്പുറത്ത് ജനത്തെ ആകർഷിക്കാൻ കഴിവുള്ള പ്രസംഗകനാണ് പാസ്റ്റർ കെ.സി. ജോൺ. 1983 മുതൽ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ കേൾവിക്കാരനാണ് ഞാൻ. 1983 ആഗസ്റ്റ് 15-ാം തീയതി പുളിക്കീഴ് ഭാഗ്യോദയം പ്രസ്സിനടുത്തുള്ള കടവിൽ അദ്ദേഹത്തിന്റെ കൈക്കീഴിലാണ് ഞാൻ സ്നാനം ഏറ്റത്. പിന്നീടിങ്ങോട്ട് ഒന്നിച്ചുള്ള കൂട്ടായ്മകൾ, യാത്രകൾ.......... പണ്ഡിതനും പാമരനും ഒന്നു പോലെ മനസിലാവുന്ന സുന്ദരമായ പ്രസംഗ ശൈലിയുടെ ഉടമയാണദ്ദേഹം. പല വിഷയങ്ങളിലും അദ്ദേഹത്തിന്റെ നിലപാടിനോട് വിയോജിപ്പുണ്ട്. ഒരിക്കൽ ലോക പെന്തെക്കോസ്ത് നേതാക്കന്മാരുടെ ഗണത്തിൽ ഉൾപ്പെട്ടിരുന്ന അദ്ദേഹം ഐ.പി.സി രാഷ്ട്രീയത്തിൽ പെട്ടത് അദ്ദേഹത്തിന് ഗുണകരമായില്ല എന്ന ചിന്താഗതിക്കാരനാണ് ഞാൻ. അദ്ദേഹം ആരംഭിച്ച പവ്വർ വിഷൻ ചാനൽ ഏറ്റവും മോശമാണെന്ന അഭിപ്രായവും എനിക്കുണ്ട്. ഭൂമിമലയാളത്തിലെ സകല ദുരുപദേശകരെയും കോമാളികളെയും ഉൾക്കൊള്ളുന്ന ആ ചാനൽ ഏതായാലും എനിക്കുൾക്കൊള്ളുവാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല.

പാസ്റ്റർ കെ.സി ജോണിന്റെ ഇപ്പോഴത്തെ പ്രതിസന്ധിക്കു കാരണമായി ഒത്തിരി കാരണങ്ങൾ പലരും പറയുന്നതു ഞാനും കേട്ടു. നിഷ്പക്ഷമതി എന്ന നിലയിൽ ഞാൻ കരുതുന്നത് മറ്റൊന്നാണ്. ഈ പ്രതിസന്ധി താൻ തന്നെ വരുത്തി വച്ചതാണ്. പലരെയും പലതിനെയും ഒഴിവാക്കിയിരുന്നെങ്കിൽ ഇപ്പോഴത്തെ സാഹചര്യവും ഒഴിവാക്കാമായിരുന്നു. ഐ.പി.സിയെ സംബന്ധിച്ചിടത്തോളം പാസ്റ്റർ കെ.സി. ജോൺ അവിഭാജ്യഘടകം തന്നെയാണ് എന്നതിൽ സംശയം ഇല്ല.

ഹെബ്രോൻ ബൈബിൾ കോളജിലെ (ഇപ്പോൾ ഇന്ത്യാ ബൈബിൾ കോളജ്) പൂർവ്വവിദ്യാർത്ഥി എന്ന നിലയിൽ പാസ്റ്റർ റ്റി.വത്സൻ ഏബ്രഹാമുമായി ഹൃദ്യമായ ബന്ധമാണുള്ളത്.

മികച്ച അഡ്മിനിസ്ട്രേറ്റർ, മാന്യൻ, സൗമ്യൻ ഇങ്ങനെ വിശേഷണപദങ്ങൾ ധാരാളം അദ്ദേഹത്തിനിണങ്ങും. തന്റെ ശ്രമഫലമാണ് ഇന്ത്യാ ബൈബിൾ കോളജ് ഇന്നത്തെ നിലവാരത്തിലെത്തിയത് എന്നതിൽ സംശയം വേണ്ട. പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ഒരു ഭാരവാഹി എന്ന നിലയിൽ അതിൽ എനിയ്ക്കും അഭിമാനമുണ്ട്. ഇവിടുത്തെ രാഷ്ട്രീയ തന്ത്രങ്ങൾ ഒട്ടും അറിയാത്തതിനാൽ ആണ് തനിക്ക് പിടിച്ചു നിൽക്കാൻ കഴിയാതെ പോയത്. ഐ.പി.സിയെ നയിക്കാൻ ത്രാണിയുള്ള നേതാവ് തന്നെയാണ് പാസ്റ്റർ റ്റി.വത്സൻ ഏബ്രഹാം.

ഇനിയും പല പ്രസംഗങ്ങളെക്കുറിച്ചും നേതാക്കന്മാരെക്കുറിച്ചും എഴുതാനുണ്ട്. അതെല്ലാം പിന്നാലെ എഴുതാം.

**എനിയ്ക്കും പറയുവാനുണ്ട്**



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

പതിനായിരങ്ങളെ ആകർഷിക്കുന്ന കൺവൻഷനാണ് കുമ്പനാട് കൺവൻഷൻ. പെന്തക്കോസ്ത് സമൂഹത്തിനു ആകെ അഭിമാനമാണ് ഈ കൺവൻഷൻ. ഇക്കുറി കൺവൻഷനിൽ പങ്കെടുക്കുന്നത് ശുഭപ്രതീക്ഷയോടെയാണെങ്കിലും ചെറിയ ആശങ്കകളും ഇല്ലാതില്ല. ഈയിടെയായി ഐ. പി. സി.യിൽ നടക്കുന്ന പലതും ദൈവജനത്തിന് ആശാസ്യമായതല്ല. ഏതുവിവാദമായാലും ഏതു ഗ്രൂപ്പിന്റെ പേരിലായാലും കുമ്പനാട് കൺവൻഷനെ ബാധിക്കുന്നതൊന്നും ആരുടെ ഭാഗത്തു നിന്നുമുണ്ടാകാൻ പാടില്ല. കാരണം ഇതിനായി പിതാക്കന്മാർ നൽകിയ വില വലുതാണ്. ഇതു നമ്മുടെ ആത്മീയ സന്തോഷത്തിന്റെ ദിനങ്ങളാണല്ലോ.

## നോവൽ



സുനിൽ വർഗീസ്, ബാംഗ്ലൂർ

# കാൽവറിയുടെ ഉയരങ്ങൾ

### അദ്ധ്യായം 21

നീലമുടിയുടെ താഴ്വരയിൽ നിന്ന് വീശി വന്ന കാറ്റിന് ചോരയുടെ ഗന്ധം. ആകാശത്ത് കാർമേഘങ്ങൾ ഇരമ്പിയെത്തുന്നു. സ്തബ്ദനായി നിൽക്കുകയായിരുന്നു, ആൽബർട്ട്.

ദൈവമേ... എന്റെ ഡേവിഡ്...?

വഴികളില്ലാത്ത ചരിവിലൂടെ അതിവേഗം ഓടിയിറങ്ങുന്ന കാതറിൻ, നായെപ്പോലെ കിതച്ചു കൊണ്ട് കറമ്പൻ. നീലമുടിയുടെ അങ്ങേ ചരിവിലേക്ക് ഒരു കൊള്ളിമീൻ പായുന്നു. കാലുകൾ അനങ്ങുന്നതേയില്ലന്ന് ആൽബർട്ട് അറിഞ്ഞു. കൈയ്യിൽ പറ്റിയിരിക്കുന്ന ചോരയുടെനിറം മങ്ങി പോകുന്നു. നാലു ദിക്കിൽ നിന്നും ഇരുൾ കയറി വരുന്നതു പോലെ, ആൽബർട്ട് ഞെട്ടി, നിലത്തേക്ക് അയാൾ മുട്ടു കുത്തി വീണു. പല വഴികളിലൂടെയും ആളുകൾ താഴേക്ക് ഓടിപ്പോകുന്നത് അയാൾ അറിയുന്നുണ്ടായിരുന്നു.

ദൈവം കുട്ട്യേ....മാതേവന്റെ അലമുറ ആൽബർട്ടിന്റെ കാതിൽ പതിച്ചു. ഇരുണ്ടു പോയ കാഴ്ചകളോടെ അയാൾ താഴേക്ക് നോക്കി. മാതേവൻ ഓടിക്കയറി വരുന്നു.

ദൈവം കുട്ട്യേ...നമ്മ്ടെ ഡേവിഡെജ്മാ...ദോണ്ടേ.... മാതേവൻ ആൽബർട്ടിനെ പിടിച്ചു കുലുക്കി. നീലമുടിയുടെ ചരിവിലെ മരങ്ങളിൽ കാറ്റു പിടിക്കുന്നതു പോലെ ആൽബർട്ട് കുലുങ്ങി. കാറ്റിനു ശക്തി കൂടുന്നു. നീലമുടിയെ പ്രകമ്പനം കൊള്ളിച്ച് ഇടി വെട്ടുന്നു. ആൽബർട്ട് ഉയരങ്ങളിലേക്ക് തുറിച്ചു നോക്കി. എവിടെ നിന്നോ ഇരമ്പിയെത്തിയ ശക്തിയോടെ അയാൾ കുതിച്ചെഴുന്നേറ്റു. മാതേവന്റെ കൈയ്യിൽ പിടിച്ചു കൊണ്ട് അയാൾ താഴേക്ക് പാഞ്ഞു.

എന്റെ ദൈവേ... അലറിക്കരഞ്ഞു കൊണ്ട് കറമ്പനും പിന്നാലെ ഓടി വരുന്നുണ്ടായിരുന്നു.

താഴെ എത്തിയപ്പോഴേക്കും ആളുകൾ കൂടിക്കഴിഞ്ഞിരുന്നു. മാതേവൻ ആളുകളെ തള്ളിമാറ്റി, ആൽബർട്ടിന് വഴി തുറന്നു കൊണ്ട് മുൻപേ നടന്നു.

ചോരയിൽ കുളിച്ചു കിടക്കുകയായിരുന്നു, ഡേവിഡ്!

നീലമുടിയുടെ ആഴങ്ങളിലേക്ക് ഡേവിഡിന്റെ രക്തം ഊറിച്ചെല്ലുന്നുണ്ടായിരുന്നു. അപ്പോഴേക്കും മുനയണ്ണന്റെ കാളവണ്ടി എത്തിയിരുന്നു.

ആൽബീ,..ഹീ ഈസ് നോമോർ....കരച്ചിലിന്റെ ആഴങ്ങളിൽ നിന്ന് കാതറിന്റെ ശബ്ദം ആൽബർട്ടിലേക്ക് ഇടിഞ്ഞു വീണു. ചേതനയറ്റു കിടക്കുന്ന ഡേവിഡിന്റെ അരികിലായി ആൽബർട്ട് ഇടറി വീണു.. ആരൊക്കെയോ അയാളെ പിടിക്കുന്നുണ്ടായിരുന്നു. ചെറുമനും മറ്റ് രണ്ടു പേരും ഡേവിഡിനെ കാളവണ്ടിയിൽ കിടത്തുന്നു. ആരൊക്കെയോ ആൽബർട്ടിനേയും കാളവണ്ടിയിലേക്ക് കയറ്റി.

മഴ വീണു തുടങ്ങിയിരുന്നു.

ഇരുണ്ട ആകാശത്തിലേക്ക് ആൽബർട്ട് തുറിച്ചു നോക്കി. മുഖത്തേക്ക് മഴച്ചീളുകൾ പാഞ്ഞു കയറുന്നു. കാതറിന്റെ കരച്ചിൽ. മാതേവന്റെ തേങ്ങൽ....പിന്നേയും ആരൊക്കെയോ കാളവണ്ടിയിൽ ഉണ്ട്.

മഴ നനയുന്നത് ഒരിക്കലും ഇഷ്ടമില്ലാതിരുന്ന ഡേവിഡിലേക്ക് മഴ ആഞ്ഞു പതിച്ചു കൊണ്ടിരുന്നു.

മുനയണ്ണാ...ശീഘ്രം പോ...മാതേവന്റെ അലർച്ച. മഴയുടെ ശക്തി കൂടി വരുന്നുണ്ടായിരുന്നു. ഒഴുകിവന്ന കണ്ണീരത്രയും മഴയ്ക്കൊപ്പം ഒഴുകി പോകുന്നു. മാതേവൻ ചാക്കിന്റെ ശീലുകൊണ്ട് ഡേവിഡിന്റെ ശരീരം മറയ്ക്കാൻ പാടുപെടുകയാരുന്നപ്പോൾ.

നിരന്തരമായ ഏകാന്തതയിലേക്ക് കുടിയിറക്കപ്പെട്ടവനെ പോലെ ആൽബർട്ട് ഇരുന്നു.

മുണ്ടോട്ടിത്തറയിലുള്ള ക്ലിനിക്കിലെത്തിയപ്പോൾ നേരം സന്ധ്യ ആയിരുന്നു.

മഴ അപ്പോഴും തോർന്നിട്ടുണ്ടായിരുന്നില്ല. ആൽബർട്ടിനെ ചെറുമൻ ക്ലിനിക്കിന്റെ വരാന്തയിൽ കൊണ്ടിരുത്തി. കാതറിനും അയാളുടെ അടുത്തായി ആ തോളിൽ അമർത്തിപ്പിടിച്ചു നിന്നു.

ഡേവിഡിന്റെ ശരീരം അകത്തേക്ക് കൊണ്ടു പോയ ഉടനേ ഡോക്ടർ വന്നു.

ദൈവം കുട്ട്യേ...ഡോക്കിട്ടർ സാറ് വിളിക്കുന്നു.

തകർന്ന മനസ്സും ശരീരവുമായി ആൽബർട്ട് എഴുന്നേറ്റ് ചെന്നു.

ആം സോറി...മരിച്ചു..!

നിർവ്വികാരതയോടെയാണ് അയാൾ അത് കേട്ടത്. മുഖത്തു പറ്റിയിരുന്ന മഴത്തുള്ളികൾ ഒപ്പി മാറ്റി ആൽബർട്ട് ഡോക്ടറെ നോക്കി.

ഇനി..?

കൊലപാതകമല്ലേ... കേസ് രജിസ്റ്റർ ചെയ്യണം. നഗരത്തിലെ ഹോസ്പിറ്റലിൽ കൊണ്ടു പോകണം. പോസ്റ്റുമോർട്ടം അവിടെയാണ് ചെയ്യാൻ പറ്റുന്നത്.

അപ്പോഴേക്കും ഡേവിഡ് വർക്കു ചെയ്യുന്ന സ്ഥലം സഭയിൽ ആളുകളും കൂടെ ശുശ്രൂഷിക്കുന്ന ജെയിംസും ക്ലിനിക്കിലേക്ക് എത്തിയിരുന്നു.

ജെയിംസ് ആൽബർട്ടിന്റെ അരികിൽ എത്തി. അവന്റെ കണ്ണുകൾ കലങ്ങിക്കിടന്നിരുന്നു. ആൽബർട്ട് മരവിച്ചു പോയ മനസ്സോടെ ജെയിംസിനെ നോക്കി.

എന്താ പറ്റിയേ....ആരോ മാതേവനോട് ചോദിക്കുന്നു.

ആരോ കുത്തീതാ...ഞങ്ങ ഓടി ചെന്നപ്പോഴേക്കും എല്ലാം കഴിഞ്ഞിരുന്നു.

ആരാ ഈ കടുംകൈ ചെയ്തേ...? മറ്റൊരാൾ മാതേവന്റെ അരികിലേക്ക് വരുന്നു. ആൽബർട്ട് മാതേവനെ തുറിച്ചു നോക്കി. എന്നാൽ ആ ചോദ്യത്തിന് മാതേവൻ നിശബ്ദനാകുകയാണ് ചെയ്തത്.

ജെയിംസ്... ആൽബർട്ട് ജെയിംസിനെ തൊട്ടു വിളിച്ചു. നഗരത്തിലെ ഹോസ്പിറ്റലിൽ കൊണ്ടു പോകണം. പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കണം.... പിന്നെ ഡേവിഡിന്റെ വീട്ടുകാരേയും... പൂർത്തീകരിക്കാൻ ആൽബർട്ടിനു കഴിഞ്ഞില്ല. പൊട്ടിവന്ന കണ്ണീരുമായി അയാൾ വരാന്തയിലേക്ക് പെട്ടന്നു നടന്നു. അവിടെയുണ്ടായിരുന്ന അരമതിലിൽ തൂണിനോട് ചേർന്ന് അയാൾ ഇരുന്നു.

ഹൃദയം വിങ്ങി കൊണ്ടിരുന്നു.

എന്റെ ദൈവമേ.... ആർക്കാണ് ഇങ്ങനെ ഒരു ദുഷ്ടബുദ്ധി തോന്നിയത്? കുമ്മാശ്ശനും കൂട്ടരുമാണോ...? എന്റെ ഏക ആശ്രയമായിരുന്ന ഡേവിഡിനേയും നീ വിളിച്ചുവല്ലോ....?

വാഹനത്തിന്റെ ശബ്ദം കേട്ട് മുഖം ഉയർത്തിയപ്പോൾ പോലീസ് ജീപ്പാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഔട്ട് പോസ്റ്റു മുണ്ടോട്ടിത്തറയിലുണ്ട്. അവിടെ നിന്നാണ്, പോലീസുകാർ വന്നിരിക്കുന്നത്. അവർ അകത്തേക്ക് കയറി പോകുന്നു.

കുറച്ചു കഴിഞ്ഞ് ആൽബർട്ടിന്റെ അരികിലേക്ക് കാതറിൻ വന്നു.

ആൽബീ... പോലീസുകാർ വിളിക്കുന്നു.

അകത്തേക്ക് ചെന്നപ്പോൾ പോലീസുകാർ ഇൻക്വസ്റ്റ് തയ്യാറാക്കുകയായിരുന്നു. മാതേവനോടും ചെറുമനോടും അവർ എന്തൊക്കെയോ ചോദിക്കുന്നു. ആൽബർട്ടിന് പരിചയമുള്ള പോലീസുകാരായിരുന്നു അവർ.

ഓ.. കക്ഷി വന്നല്ലോ... ഒരാൾ പിറുപിറുക്കുന്നു. മറ്റേ പോലീസുകാരൻ തിരിഞ്ഞ് ആൽബർട്ടിനെ നോക്കി.

എടോ... അന്ന് ഒരുത്തൻ ചത്തപ്പോഴേ... ഞങ്ങൾ പറഞ്ഞതാ... ഈ നാടുവിട്ടു പോകണമെന്ന്...ഇപ്പോൾ കണ്ടില്ലേ...നീയൊക്കെ ശ്രമിച്ചാ ഈ ആദിവാസികളെ രക്ഷപെടുത്താമെന്നാണോ...?

നോക്ക്... ഈ കൊലപാതകത്തിന് നിന്നെയാ അറസ്റ്റു ചെയ്യേണ്ടത്.

ഒരു പരിചയമോ ദയവോ കാണിക്കാതെ ആദ്യത്തെയാൾ ആൽബർട്ടിനെ രൂക്ഷമായി നോക്കി മുരണ്ടു.

ആൽബർട്ട് ഒന്നും ഉരിയാടാതെ നിന്നു.

പോസ്റ്റുമോർട്ടത്തിന് അയക്കണം..... ആംബുലൻസ് വന്നോ.... പിന്നീടൊന്നും ആൽബർട്ടിന്റെ ചെവിയിലേക്ക് വീണതേയില്ല. വെളുത്ത തുണിയിൽ പൊതിഞ്ഞു കൊണ്ടു പോകുന്നത് ഡേവിഡിനെയാണെന്ന് അയാൾക്ക് സങ്കൽപ്പിക്കാൻ പോലും കഴിഞ്ഞില്ല. കാതറിനാണ് ആൽബർ

04

**ചോദ്യോത്തര വേദി**

# ഹൈന്ദവഭരണം ആകർഷണീയമായിരുന്ന കാലഘട്ടം ഏത്?



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

**ചോദ്യം:** എട്ടു നൂറ്റാണ്ടിനു ശേഷം ഹൈന്ദവ ഭരണം വീണ്ടുമെത്തിയെന്ന് വിശ്വഹിന്ദു പരിക്ഷത്തു നേതാവ് അശോക് സിംഗൾ (റിപ്പോർട്ട് മലയാള മനോരമ 21.11.2014). ക്രിസ്ത്യാനികൾ ഹിന്ദു മതത്തിലേക്ക് മടങ്ങണമെന്ന് ചില പ്രാദേശിക തീവ്രഹിന്ദു നേതാക്കൾ ആവശ്യപ്പെടുന്നു. പല സ്ഥലത്തും ക്രിസ്ത്യാനികൾ ഹിന്ദു മതത്തിലേക്ക് മാറുന്നു. ബുദ്ധിമാന്മാരായ ഭാരതീയരാണ് ലോകത്തിലെ കണ്ടുപിടുത്തങ്ങളെല്ലാം നടത്തിയതെന്ന് youtube ലൂടെ ,സൂര്യനെ ദൈവമായി വിശ്വസിച്ചാരാധിക്കുന്നവർ തെളിവുകളോടെ പ്രചരിപ്പിക്കുന്നു. അവരുടെ അവകാശവാദങ്ങൾ താഴെക്കുറിക്കുന്നു. പൂജ്യം എന്ന സംഖ്യ ലോകത്തിന് സംഭാവന ചെയ്തതു ബ്രഹ്മഗുപ്തനാണ്. യജുർവേദത്തിൽ ,ചെമ്പ്, പിച്ചള,നാകം, ഈയം തുടങ്ങിയ ലോഹങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ എ.ഡി.1500 ലാണ് യുറോപ്യൻമാർ ഈ ലോഹങ്ങൾ കണ്ടുപിടിച്ചത്.വെളിച്ചത്തിന്റെ ഏഴു നിറങ്ങൾ ഐസക്ന്യൂട്ടൻ കണ്ടുപിടിക്കുന്നതിനു മുമ്പ് സൂര്യദേവൻ തന്റെ ഏഴു രശ്മികൾ ഭൂമിയിലേക്ക് അയക്കുന്നു എന്ന് വിശ്വാമിത്രൻ എഴുതിയിരിക്കുന്നു.എ.ഡി.1148-ൽ ഭാസ്കരാചാര്യൻ ഗുരുത്വാകർഷണം കണ്ടുപിടിച്ചു. പട്ടിക നീളുകയാണ്. ഇതിനോടുള്ള പ്രതികരണം അറിയിക്കുമോ?

**-സോണിയ, എൻജിനിയറിംഗ് കോളജ്,കിടങ്ങൂർ**

**ഉത്തരം:** ഒരു ഇന്ത്യാക്കാരനായി ജനിച്ചതിൽ ഞാൻ സന്തോഷവാനാണ്. മുതലാളിത്ത രാജ്യമായ അമേരിക്കയിലോ, കമ്മ്യൂണിസ്റ്റ് രാജ്യമായ റഷ്യയിലോ, ചൈനയിലോ ഇസ്ലാമിക തീവ്രവാദമുള്ള പാക്കിസ്ഥാനിലോ, സുഡാനിലോ, ഇറാനിലോ, ഇറാഖിലോ, സിറിയയിലോ.......... അതുപോലുള്ള രാജ്യങ്ങളിൽ ജനിക്കാതിരുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

ചോദ്യത്തിൽ പരാമർശിക്കപ്പെട്ട കണ്ടുപിടിത്തങ്ങളുടെ നിജസ്ഥിതി ഞാൻ തിട്ടപ്പെടുത്തിയിട്ടില്ല. അഥവാ കണ്ടുപിടിച്ചിട്ടുണ്ടെങ്കിൽ തന്നെ, യാതൊരു ശാസ്ത്രീയ,സാമൂഹ്യ, സാമ്പത്തീക പുരോഗതിയും കണ്ടുപിടിത്തങ്ങളുടെ ഭാഗമായി പുരാതന ഭാരതത്തിൽ എവിടെയെങ്കിലും പ്രതിഫലിക്കപ്പെട്ടതായി ചരിത്രരേഖകളില്ല. ഏതായാലും പുരാതന ഭാരതത്തിൽ കുറഞ്ഞപക്ഷം 150 വർഷം മുമ്പുള്ള ഭാരതത്തിൽ ഞാൻ ജനിച്ചില്ല എന്നതിനാൽ എനിക്ക് സന്തോഷം ഉണ്ട്. കാരണം, ധാരാളം അനാചാരങ്ങളും അന്ധവിശ്വാസങ്ങളും അന്നു നിലനിന്നിരുന്നു. അതിൽ ചിലത് താഴെ കുറിക്കട്ടെ.!

1. കുഞ്ഞുങ്ങൾ ജനിച്ചാൽ അതു പെൺകുഞ്ഞുങ്ങളാണെങ്കിൽ ഉടനെ കൊന്നുകളയുമായിരുന്നു.
2. ചിതയിൽ എരിഞ്ഞടങ്ങുന്ന ഭർത്താവിന്റെ മൃതശരീരത്തോടൊപ്പം ഭാര്യകൂടി വെന്തെരിയണം എന്ന ആചാരം (സതി) ചിലടത്ത് നിലനിന്നിരുന്നു.
3. വിധവമാർക്ക് പുനർവിവാഹത്തിന് അനുവാദമില്ലായിരുന്നു.
4. പുരുഷൻമാർക്ക് ഇഷ്ടംപോലെ വിവാഹം കഴിക്കാനുള്ള അനുവാദം ഉണ്ടായിരുന്നു.
5. കുട്ടികളെ വിവാഹം കഴിപ്പിച്ചയയ്ക്കുന്നത് പ്രോത്സാഹിപ്പിച്ചിരുന്നു.
6. അടിമക്കച്ചവടങ്ങൾ പല പ്രദേശത്ത് നിലനിന്നിരുന്നു.
7. വഴിപാട് എന്ന വിശ്വാസത്താൽ അമ്മമാർ തങ്ങളുടെ കുട്ടികളെ ഗംഗാ നദിയിൽ എറിഞ്ഞു കളയുന്ന ആചാരം ഉണ്ടായിരുന്നു.
8. ചാതുർവർണ്യം നിലനിന്നിരുന്നു.ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ നാലു ജാതികൾ ചേരുന്ന സാമൂഹിക വ്യവസ്ഥ നിലനിന്നിരുന്നു.
9. ശുദ്രരോടും, വൈശ്യരോടും തൊട്ടു കൂടായ്മ നിലനിന്നിരുന്നു.
10. സ്മൃതി അനുസരിച്ചുള്ള ക്രൂരശിക്ഷകളായിരുന്നു പല പ്രദേശത്തും നടപ്പിലാക്കിയിരുന്നത്. ഉദാഹരണത്തിന്, മോഷണം നടത്തിയവന്റെ കൈ രണ്ടും വെട്ടിക്കളയുക തുടങ്ങിയവ
11. നാട്ടുരാജാക്കന്മാർ തമ്മിൽ ഇടവിടാതെ യുദ്ധം ചെയ്ത് അന്യോന്യം ജനങ്ങളെ നശിപ്പിക്കുന്ന രീതിയായിരുന്നു പല ദേശത്തും നിലനിന്നിരുന്നത്.
12. ഭ്രാന്താശുപത്രികൾ രാജ്യത്ത് ഇല്ലായിരുന്നു.
13. അനാഥകുട്ടികൾ, കുഷ്ഠ രോഗികൾ, കാഴ്ചയില്ലാത്തവർ മുതലായവരെക്കുറിച്ച് ചിന്തയില്ലാത്ത സമൂഹമായിരുന്നു നിലനിന്നിരുന്നത്.
14. ക്ഷേത്രങ്ങളിൽ ദേവദാസി സമ്പ്രദായം നിലനിന്നിരുന്നു.
15. സ്ത്രീകൾക്ക് വിദ്യാഭ്യാസം ചെയ്യാനുള്ള അവകാശം ഇല്ലായിരുന്നു.
16. സ്ത്രീകൾക്ക് മാറു മറയ്ക്കാനുള്ള അനുവാദമില്ലായിരുന്നു.(90 വർഷം മുൻപ് വരെ കേരളത്തിലെ സ്ത്രീകൾക്ക് മാറു മറയ്ക്കാൻ അനുവാദമില്ലായിരുന്നു.)

മുഗൾ ചക്രവർത്തിയായിരുന്ന അക്ബർ, സതിക്കെതിരെ ശക്തമായി നിലപാടെടുത്തെങ്കിലും അത് നിരോധിക്കാനായില്ല. രാജാറാം മോഹൻറോയ് ഒരു ബാലനായിരുന്നപ്പോൾ സ്വന്തം സഹോദരിയുടെ സതി ആചാരണം കണ്ട് അലറിക്കരയുകയുണ്ടായി. വളർന്നു വന്ന രാജാറാം മോഹൻറോയിയുടെ സതി വിരുദ്ധമനോഭാവത്തെ വിദേശ ക്രിസ്തീയ മിഷണറിമാരാണ് പ്രോത്സാഹിപ്പിച്ച് സതിയുടെ ആചാരം ഇല്ലാതാക്കിയത്. സർ നിക്കോളസ് എന്ന ആംഗ്ലിക്കൻ മിഷനറിയാണ് എല്ലാ ജനങ്ങൾക്കും ഒരു നിയമം മതി എന്ന് വ്യവസ്ഥ കൊണ്ടുവന്ന് ചാതുർവർണ്യം എന്ന സാമൂഹ്യ വ്യവസ്ഥ ഭാരതത്തിൽ ഇല്ലാതാക്കിയത്.

ബ്രീട്ടീഷുകാർ ഈസ്റ്റ്ഇൻഡ്യാ കമ്പനി രൂപീകരിച്ചത് ഇൻഡ്യയുടെ സമ്പത്ത് ചൂഷണം ചെയ്യാനായിരുന്നുവെങ്കിലും വിദേശക്രിസ്തീയ മിഷണറിമാർ പ്രവർത്തിച്ചത് ഭാരതത്തിലെ സാമൂഹ്യ അന്ധകാരം മാറ്റാനാണ്. ഇന്ത്യയുടെ വികസനം,വിജ്ഞാനം,അന്ധവിശ്വാസങ്ങളുടെ ദൂരീകരണം,അനാചാരങ്ങളുടെ തിരസ്ക്കരണവും ഇവയിലെല്ലാം വിദേശ ക്രിസ്തീയ മിഷണറിമാരുടെ സാന്നിദ്ധ്യവും പ്രവർത്തനവും കാണാതെപോകുന്നത് നന്ദികേടാണ്. പുരാതന ഭാരതത്തിന്റെ (പല നാട്ടുരാജ്യങ്ങളായിരുന്ന ഭാരതത്തിന്റെ ) ഏറ്റവും മെച്ചമായ ശാസ്ത്രീയ,സാമ്പത്തിക, സാമൂഹിക, അന്തരീക്ഷം ഏതു കാലഘട്ടത്തിലെങ്കിലും ഉണ്ടായിരുന്നോ എന്നെനിക്ക് സംശയമുണ്ട് . ആർക്കെങ്കിലും ചരിത്രപരമായ അറിവുണ്ടെങ്കിൽ അറിയിക്കണം. ഭക്ഷണസാധനങ്ങളായ കപ്പയും ഗോതമ്പും ചായയും കാപ്പിയും മറ്റനേകം പഴവർഗ്ഗങ്ങളും വിദേശത്തുനിന്നാണ് ഭാരതത്തിൽ കൊണ്ടുവന്ന് കൃഷി ചെയ്തത്. ഓലമേഞ്ഞ നാട്ടുരാജാക്കന്മാരുടെ കൊട്ടാരങ്ങളിൽ ഓടിട്ടതും കുളിമുറിയിൽ ക്ലോസറ്റ് പിടിപ്പിച്ചതും വിദേശികളാണ്. എഴുപതു വയസ്സിനുമുകളിലുള്ള ഏത് ഭാരതീയനും പഴയ ഭാരതത്തിലെ പട്ടിണിയുടെ രൂക്ഷതയെക്കുറിച്ച് അറിവുള്ളതാണ്.

വെറും രണ്ടു ശതമാനം മാത്രം ക്രിസ്ത്യാനികളുള്ള ഭാരതത്തിൽ വിശ്വാസത്തിനു വേണ്ടി ആയുധമെടുത്തു പോരാടുവാൻ ദൈവീക അനുവാദം ഇല്ലാത്ത ക്രിസ്ത്യാനികൾ ഹിന്ദുക്കൾക്ക് ഒരു ഭീഷണിയേ അല്ല. മുപ്പത്തിമുക്കോടി ദൈവങ്ങളുടെ കൂട്ടത്തിൽ ക്രിസ്ത്യാനികൾ പ്രസംഗിക്കുന്ന യേശുവിനെ ഉൾപെടുത്തുന്നതും അവർക്കൊരു ഭീഷണിയല്ല. മാത്രമല്ല, മതപ്രചരണം,ഭരണഘടന അനുവദിച്ചിട്ടുള്ള പൗരന്റെ മൗലീക അവകാശവുമാണ്. പിന്നെന്താണ് സവർണ്ണഹിന്ദുക്കളുടെ ഭയവും അവരുടെ ഭരണത്തിന്റെ ആകർഷണീതയും? വടക്കേ ഇൻഡ്യയിൽ പല പ്രദേശങ്ങളും സവർണ്ണരായ ജന്മികളാണ് നിയന്ത്രിക്കുന്നത്. ചാതുർവർണ്യവ്യവസ്ഥ തിരിച്ചുവരുവാൻ പലരും ആഗ്രഹിക്കുന്നു. അവർക്ക് സമൂഹത്തിൽ താണു നിൽക്കുന്നവരെ കൂലികൊടുക്കാതെ പണിയെടുപ്പിക്കണം. സ്ത്രീകളെ തട്ടികൊണ്ടുപോയാൽ ആരും ചോദ്യം ചെയ്യരുത്. അവരെകൊന്നാൽ കേസുണ്ടാകരുത്. എതിർ സാക്ഷികളുണ്ടാവരുത്. എതിർക്കുവാൻ ആർക്കും ബലമുണ്ടാകരുത്. യേശുവിനെ സ്വീകരിക്കുമ്പോൾ ജിവന്റെ വെളിച്ചം ഒരുവനിൽ ഉണ്ടാകുമ്പോൾ വ്യക്തിത്വം പൂർണ്ണതയിലേക്ക് വികാസം പ്രാപിക്കാൻ തുടങ്ങുന്നു. ഓരോ വ്യക്തികളെയും ബഹുമാനിക്കുന്ന ക്രിസ്തീയത പെരുകുമ്പോൾ സമൂഹത്തിലെ അന്ധകാരം നീങ്ങുന്നു. ഈ അന്ധകാരം നീങ്ങുന്നതാണ് ജന്മികളുടെ പ്രശ്നം. അല്ലാതെ യേശുവിനെ ഒരുവൻ സ്വീകരിക്കുന്നതല്ല. യേശുവിനെ സ്വീകരിക്കുകയും ആശ്രയിക്കുകയും ചെയ്ത വ്യക്തി, പിന്നീട് യേശുവിൽ വിശ്വാസം നഷ്ടപ്പെടുകയും വേറെന്തെങ്കിലുമൊക്കെയോ ആശ്രയം വയ്ക്കുന്നതിന്, ഇവിടുത്തെ ക്രിസ്തീയ മതമേലദ്ധ്യക്ഷന്മാർ വിറളി പിടിക്കേണ്ട കാര്യമില്ല.അതൊരുവന്റെ വ്യക്തിപരമായ അവകാശമാണ്. യേശുവിനെ പ്രസംഗിച്ചു നടന്ന പൊയ്കയിൽ യോഹന്നാനുപദേശി പിന്നീട് കുമാരഗുരുദേവനായി മാറിയതുപോലെ ധാരാളം ഉദാഹരണങ്ങളുണ്ട്.

ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിലുള്ള വിശ്വാസം നഷ്ടപ്പെടുന്ന വ്യക്തി പിന്നീട് ആ നാമം ധരിക്കുന്നതിൽ അർത്ഥമില്ല. അതുകൊണ്ട് യേശുവിൽ വിശ്വാസം നഷ്ടപ്പെട്ട വ്യക്തി അവരിഷ്ടപ്പെടുന്ന ഏതു മതവിഭാഗത്തിലേക്കും മാറാനുള്ള സാഹചര്യം ക്രിസ്തീയ നേതാക്കൾ ഒരുക്കിക്കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. അതാണ് മാന്യത.

Ref : Sathya Prakasini,Published in 1926, Pages 39,40
Real life Voice August 2014 issue.

## 02 വേദപഠനം....

ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ; ദൈവം നമ്മെ അശുദ്ധിക്കല്ല, വിശുദ്ധീകരണത്തിനത്രെ വിളിച്ചത്, 1പത്രോസ് 4:37, എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം ആചരിപ്പാൻ ഉത്സാഹിപ്പിൻ, എബ്രാ:12:14, യെശ.53:4-10, 1യോഹ.1:7.

വിശുദ്ധി എന്നതിനു എബ്രായഭാഷയിൽ 'ഖദോസ്' എന്ന പദമാണ് പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഗ്രീക്ക് ഭാഷയിൽ 'ഹാഗിയോസ്' എന്നും ഉപയോഗിച്ചിരിക്കുന്നു. ഖോദോസ് എന്നതിനു മുറിച്ചു മാറ്റുക, വേർപ്പെടുത്തുക, സംവരണം ചെയ്യപ്പെടുക എന്നിങ്ങനെയാണ് അർത്ഥം, പ്രസ്തുതപദം ദൈവീക ഉപയോഗത്തിനു വേണ്ടിയോ ദൈവ മഹത്വത്തിനു വേണ്ടിയോ വേർപ്പെടുത്തി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന ആശയത്തോടാണ് ഈ പദം ഉപയോഗിക്കുന്നത് വിശുദ്ധവിവാഹം, വിശുദ്ധ തിരുവെഴുത്ത്, വിശുദ്ധനാട്, വിശുദ്ധനഗരം, വിശുദ്ധജനം, വിശുദ്ധപ്രജ, ലൂക്കോസ്:1:35 വിശുദ്ധസ്വർഗ്ഗം, സങ്കീർത്തനം:20:6, വിശുദ്ധസിംഹാസനം സങ്കീ:47:8, വിശുദ്ധമന്ദിരം, ലേവ്യ:20:3, സങ്കീ:98:1, വിശുദ്ധവഴി, യെശ:35:8, വിശുദ്ധദേശം, സെഖ:2:12, വിശുദ്ധനഗരം, യെശ:52:1, വിശുദ്ധ ഉപകരണങ്ങൾ, 1രാജാ:8:4, ദൈവത്തിന്റെ വിശുദ്ധന്മാർ, ലേവ്യ: 21:6, വിശുദ്ധ അപ്പം, 1ശമു:21:6 ഇവയൊക്കെ വിശുദ്ധിയെക്കുറിച്ചുള്ള ചില വാക്കുകളാണ്.

വിശുദ്ധി

1. ദൈവത്തിന്റെ വഴികൾ വിശുദ്ധം, സങ്കീ:77:13
2. ദൈവമക്കൾ വിശുദ്ധരാണ്, ലേവ്യ:21:6
3. ദൈവമക്കൾ നില്ക്കുന്ന സ്ഥലം വിശുദ്ധം, പുറ:3:5
4. യാഗപീഠം വിശുദ്ധം, പുറ:29:37
5. ദൈവമക്കൾ കൂടുന്ന സ്ഥലം വിശുദ്ധം, ലേവ്യ:10:13
6. ദൈവമക്കൾ തിന്നുന്നത് വിശുദ്ധം, ലേവ്യ:19:8
7. യഹോവയ്ക്ക് കൊടുക്കുന്നത് വിശുദ്ധം, ലേവ്യ:27:9
8. വിശ്വാസികൾ ദൈവമുമ്പാകെ വിശുദ്ധം, 1തെസ്സ:3:13

(തുടരും)

## 01 എയർ ഏഷ്യ ദുരന്തത്തിൽ മരണ.....

ത്തിലൂടെ ലോകത്ത് നിന്ന് വേർപ്പെട്ടതുകൊണ്ട് പല സഭകളും പുതുവത്സര ആഘോഷങ്ങളും പ്രാർത്ഥനകളും റദ്ദാക്കി. മരിച്ചവരെ ഓർക്കുവാനും പ്രിയപ്പെട്ടവരെ ആശ്വസിപ്പിക്കാനും സഭകൾ പ്രാർത്ഥന നടത്തി.

ദുരന്തം സംഭവിച്ച സ്ഥലത്തുനിന്ന് കണ്ടെടുത്ത മൂന്ന് മൃതദേഹങ്ങൾ കൈകോർത്ത രീതിയിലായിരുന്നു. തങ്ങൾ മരണത്തിലേക്ക് കൂപ്പ് കുത്തുകയാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ അവർ പരസ്പരം കൈകോർത്ത് അന്ത്യനിമിഷത്തിലും കൂട്ടായ്മ കാണിച്ചു.

ഇന്തോനേഷ്യയിലെ മിഷനറി പ്രവർത്തനം നടത്തിയിരുന്ന സൗത്ത് കൊറിയൻ പാസ്റ്റർ പാർക്ക് സ്യൂഗ്ബ്യു, 37, ഭാര്യ ലീ ക്യൂഗ് തങ്ങളുടെ 11 മാസം പ്രായമുള്ള പുത്രി പാർക്ക് യൂനാ എന്നിവരും തകർന്ന് വീണ വിമാനത്തിലെ യാത്രക്കാരായിരുന്നു. ഇന്തോനേഷ്യ മതപ്രവർത്തനത്തിന് വിസ നൽകാത്തതുകൊണ്ട്, സിംഗപൂരിൽ വിസ പുതുക്കാൻ പോകുകയായിരുന്നു ദൈവത്തിന്റെ ഈ ചെറിയ കുടുംബം. ദൈവശുശ്രൂഷയിൽ ഒന്നിച്ചായിരുന്ന ഈ കുടുംബം മരണത്തിലും ഒന്നിച്ചായിരുന്നു.

## 03 നോവൽ....

ട്ടിനെ ആം ബുലൻസിന്റെ അരികിലേക്ക് കൊ ണ്ടു പോയത്.

എടാ.. നിൽക്ക്.... ആൽബർട്ട് ആംബുലൻസിലേക്ക് കയറുന്നതിനു മുൻപ് ഒരു പോലീസുകാരൻ വിളിക്കുന്നു.

ആൽബർട്ട് തിരിഞ്ഞു നോക്കി. ക്ലിനിക്കിന്റെ പടവിറങ്ങി വരുന്ന പോലീസുകാരനെ നോക്കി ആൽബർട്ട് അങ്ങോട്ടു നടന്നു ചെന്നു.

നോക്ക്.. അന്നു പറഞ്ഞതു പോലെയല്ല... ഇപ്പോൾ പറയുന്നേ... ഈ ശവത്തിന്റെ കൂടെ നീയും പോയ്ക്കോണം. മാനസാന്തരമെന്നും മതം മാറ്റമെന്നും പറഞ്ഞ് ഈ കാട്ടിലേക്ക് ഇനി നിന്നെ കണ്ടു പോകരുത്. നീയില്ലെങ്കിലും ഇവിടുത്തെ ആളുകൾ ചാകുകയോ ജീവിക്കുകയോ ചെയ്യും.. കേട്ടോടാ... അതു പറഞ്ഞുകൊണ്ട് ആൽബർട്ടിന്റെ കവിളിനു നേരെ അയാൾ കൈ വീശി.

കണ്ണിൽ ഇരുട്ടു കയറുന്നതു പോലെ, ആൽബർട്ട് നില തെറ്റി താഴെ വീണു. (തുടരും)

ലേഖനം

# ശിഷ്യത്വം (Discipleship-4)



റെജി പോൾ
ഷാർജ
palachoodan@gmail/hotmail.com

**IV. സഹോദരസ്നേഹം:**

യോഹന്നാൻ 13:34,35 “നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നു തന്നേ. നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും”. അപ്പോൾ ലോക മുൻപാകെ കർത്താവിന്റെ ശിഷ്യന്മാർ എന്നറിയപ്പെടാൻ ഉള്ള ഒരു പ്രധാന സാക്ഷ്യം തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നതാണ്. എന്ന് വെച്ചാൽ കൂട്ടു സഹോദരന്റെ വിഷയം സ്വന്തം വിഷയമായി കണ്ടു വേണം കൂട്ടായ്മ ആചരിക്കാൻ. ചുരുക്കി പറഞ്ഞാൽ സ്വന്തം കൂട്ടായ്മയിൽ തന്നോട് ചേർന്ന് നിന്ന് ദൈവത്തെ ആരാധിക്കുന്ന സഹോദരന്റെയോ സഹോദരിയുടെയോ വീട്ടിലെ അടുപ്പിൽ തീ പുകഞ്ഞോ, മക്കളുടെ സ്കൂൾ ഫീസ് കൊടുത്തോ, അവർക്ക് ഉടുക്കാനുണ്ടോ എന്നൊന്നും അന്വേഷിക്കാതെ വടക്കേ ഇന്ത്യയിലെ വേലയ്ക്കെന്നും പറഞ്ഞു മണി ഓർഡർ അയച്ചാൽ അത് ദൈവം കണക്കിടില്ലെന്നു സാരം. സഹോദര വർഗത്തിന് പ്രയാസം വരുമ്പോൾ ഗൂഡാനന്ദവും നന്മ വരുമ്പോൾ ഹൃദയ തകർച്ചയും വരുന്നത് ഏതായാലും വേദപുസ്തകപ്രകാരം വീണ്ടും ജനിച്ചവരുടെ ലക്ഷണം അല്ലേയല്ല. കർത്തൃമേശ കഴിയുമ്പോൾ സഹോദരന്മാർ തമ്മിൽ തമ്മിൽ സ്നേഹചുംബനം കൊടുക്കുന്നത് കൊല്ലാനുള്ള ധൃതരാഷ്ട്രാലിംഗനമായി മാറുന്നത് പലരുടെയും നിത്യാനുഭവമാണല്ലോ.

1യോഹന്നാൻ 3:10 “ദൈവത്തിന്റെ മക്കൾ ആരെന്നും പിശാചിന്റെ മക്കൾ ആരെന്നും ഇതിനാൽ തെളിയുന്നു; നീതി പ്രവർത്തിക്കാത്തവൻ ആരും സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽ നിന്നുള്ളവനല്ല”. ഒരു ജലസ്നാനവും രണ്ടന്യഭാഷയും പാസ്സായാൽ എല്ലാമായി, കർത്താവിങ്ങു വന്നേച്ചാൽ മതിയെന്ന് മനക്കോട്ട കെട്ടുന്നവർ ഈ വാക്യമൊന്നും വായിച്ചിട്ടില്ലെന്ന് തോന്നുന്നു. പിശാചിന്റെ മക്കളെയും ദൈവമക്കളെയും തിരിച്ചറിയാൻ ഏറ്റവും എളുപ്പം കമ്മിറ്റി കൂടുമ്പോഴാണ്. മൈക്ക് ശബ്ദം കൂട്ടിവെച്ചാൽ ദൈവത്തിന്റെ മക്കൾ ആരെന്നും പിശാചിന്റെ മക്കൾ ആരെന്നും നാട്ടുകാർക്കും അറിയാം.

1കൊരി 13: 1,2 “ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ. എനിക്കു പ്രവചനവരം ഉണ്ടായിട്ടു സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും മലകളെ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടായാലും സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല. എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും, സ്നേഹം ഇല്ല എങ്കിൽ എനിക്കു ഒരു പ്രയോജനവും എല്ല”. മേൽപ്പറഞ്ഞ വാക്യങ്ങൾ പ്രകാരം ചിന്തിച്ചാൽ ദൈവം ഞായറാഴ്ച കുനിഞ്ഞു നോക്കുമ്പോൾ (അതാണല്ലോ ഇപ്പഴത്തെ പ്രയോഗം: “സ്വർഗം കുനിഞ്ഞു നോക്കുന്ന ആരാധന”) കാണുന്നത് ശബ്ദ മുഖരിതമായ കുറെ ചെമ്പു കടകൾ മാത്രമായിരിക്കും. തമ്മിൽ സ്നേഹിക്കാത്ത പരസ്പരം പകയ്ക്കുന്ന കുറെ ആളുകൾ തമ്പേർ കൊട്ടിയാലും മുടിയാട്ടു നടത്തിയാലും ഒരു ഫലമില്ലെന്നു സാരം. തനിക്കുള്ളത് മുഴുവൻ അന്നദാനം ചെയ്താലും രക്ഷയില്ലെന്നു വചനം പറയുമ്പോൾ കൺവൻഷനു സംഭാവന കൊടുത്താൽ എല്ലാം ശരിയാകുമെന്ന് വിശ്വസിപ്പിച്ചു വച്ചിരിക്കുന്ന ഒരു വലിയ വിശ്വാസ സമൂഹത്തെക്കുറിച്ചോർക്കുമ്പോൾ ദുഃഖം തോന്നുന്നു. ദൈവഹിതമല്ലാത്ത എല്ലാ ആരാധനകളും ദൈവം നിരസിക്കുന്നുവെന്നു മാത്രമല്ല, ദൈവത്തിനു അസഹനീയമാണെന്ന് കൂടി എഴുതി വച്ചിരിക്കുമ്പോൾ (മാലാഖി1:10) നാം ആരെയാണ് പ്രസാദിപ്പിക്കാൻ നോക്കുന്നത്.

യോഹന്നാൻ 15:12,13,14 “ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നാകുന്നു എന്റെ കല്പന. സ്നേഹിതന്മാർക്കും വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല. ഞാൻ നിങ്ങളോടു കല്പിക്കുന്നതു ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നേ”. കല്പന അനുസരിച്ചോ എന്ന് മറ്റുള്ളവരെ പറഞ്ഞു വിരട്ടിയേച്ചു കർത്താവ് കൊടുത്ത കല്പന കാറ്റിൽ പറത്തുന്ന നാം ഏതു ഉൽപ്രാപണത്തിനാണ് കാത്തിരിക്കുന്നത്? കൂട്ട് സഹോദരനെ ദ്രോഹിച്ചിട്ടും പാരവെച്ചിട്ടും പിന്നെ “എന്ത് നല്ലോർ സഖി.....” പാടിയാൽ കർത്താവ് കൂട്ട് കൂടാൻ വരുമെന്ന് വിശ്വസിക്കുന്നവരും അനേകം. കർത്താവ് പറഞ്ഞത് പോലെ കൂട്ടുക്കാരന് വേണ്ടി കഴുത്ത് വെച്ച് കൊടുക്കുന്നതിനേക്കാൾ അവന്റെ കഴുത്തെടുക്കാനുള്ള നമ്മുടെ താല്പര്യങ്ങൾക്കിടയിൽ ദൈവേഷ്ടം അറിഞ്ഞു ജീവിച്ച ഒരു കുടുംബത്തെ കാണുക; റോമർ 16:3,4 “ക്രിസ്തുയേശുവിൽ എന്റെ കൂട്ടുവേലക്കാരായ പ്രിസ്കയെയും അകിലാവെയും വന്ദനം ചെയ്വിൻ. അവർ എന്റെ പ്രാണനു വേണ്ടി തങ്ങളുടെ കഴുത്തു വെച്ചു കൊടുത്തവരാകുന്നു;” ശത്രുക്കളെ സ്നേഹിക്കാൻ പഠിപ്പിച്ച ഗുരുവിന്റെ അരുമശിഷ്യന്മാർ ശത്രുക്കളെ പോയിട്ട് കൂട്ടു സഹോദരന്മാരെപ്പോലും സ്നേഹിക്കാൻ കഴിയാതെ ഇരുട്ടിൽ തപ്പുമ്പോൾ, ആ ഇരുട്ടിനു ഏറ്റവും പുറത്തെ കരച്ചിലും പല്ലുകടിയുമുള്ള ഇരുട്ടിനോടുള്ള സമാനത കാണാതെ പോകുന്നവർക്ക് ഹാ കഷ്ടം. “സ്നേഹമാണഖിലസാരമൂഴിയിൽ” എന്ന് കവിതയെഴുതാൻ മഹാകവിയെ ഉദ്യമിപ്പിച്ചത് യേശുദേവന്റെ സാക്ഷ്യവും വചനവും ആണെന്ന ആത്മഗതം പോലും നമ്മെ സ്പർശിക്കുന്നില്ല. ആദ്യ സ്നേഹത്തിന്റെ ആദ്യാക്ഷരങ്ങൾ പോലും ആരെയും പഠിപ്പിക്കാത്ത ശുശ്രൂഷാപുംഗവന്മാർ “agape” എന്ന യവന പദത്തിന്റെ വിശദീകരണം കൺവൻഷൻ സ്റ്റേജുകളിൽ കൊട്ടിഘോഷിക്കുന്നതു കാണുമ്പോൾ ഓക്കാനം വരുന്നതും സ്വാഭാവികം. കൃപയുടെ തട്ടിപ്പുകാർക്കെതിരെ പ്രസംഗമത്സരം സംഘടിപ്പിച്ചതും ദുർബല ഖണ്ഡനവാദങ്ങളുമായി സീഡി പബ്ലീഷ് ചെയ്തും തിളങ്ങാൻ മിനക്കെടുന്ന സ്ഥാനത്തെ ആദ്യ സ്നേഹത്തെക്കുറിച്ച് സ്വന്തം കൂട്ടായ്മയിൽ ഉള്ളവരെയെങ്കിലും ബോധവൽക്കരിച്ചെങ്കിൽ പേര് ജീവപുസ്തകത്തിൽ കയറിയേനെ. സങ്കീർത്തനത്തിലെ അനുഗ്രഹ വാക്യങ്ങൾ മാത്രം വായിച്ചും പ്രസംഗിച്ചും ജനത്തിന് കോവളം സ്റ്റൈൽ സുഖചികിത്സ ചെയ്യുന്ന സ്ഥാനത്ത്, ഗലാത്യ ലേഖനം അഞ്ചിന്റെ പത്തൊമ്പത് മുതൽ ഇരുപത്തിമൂന്നു വരെയുള്ള വാക്യങ്ങൾ എല്ലാ ഞായറാഴ്ചയും വായിച്ചു കേൾപ്പിച്ചെങ്കിൽ ചിലരെങ്കിലും തീപ്പെട്ടു പോകാതിരുന്നേനെ. “അസാധ്യമായെനിക്കൊന്നുമില്ല...” എന്ന് ആർത്തു പാടുന്ന സർദ്ദീസിലെ സഭയോട് “ജീവനുള്ളവനെന്നു പേരുണ്ടെങ്കിലും നീ മരിച്ചവനാണെന്നു..” പറയാൻ ഇനി യോഹന്നാന്റെ കടിതം വരില്ല നിശ്ചയം. കാരണം ഇന്ന് പലതരത്തിലും പലരൂപത്തിലും ഇന്ന് ദൈവവചനത്തിന്റെ പ്രതികൾ നമുക്കു മുമ്പാകെ ഇരിക്കുന്നു. ചെവിയുള്ളവൻ കേൾക്കട്ടെ.

## 11 ⮪ മാധ്യമവിചാരം....

ൽ നാളെ അത് പാതാളധ്വനിയാകും. വരുംലക്കങ്ങളിൽ മരുപ്പച്ച നന്നാകും. കാരണം കുമ്പനാട് കൺവൻഷനായി. ഐ. പി. സിയിലെ പ്രതിസന്ധിയിൽ ഹല്ലേല്ലൂയ്യാ തനിച്ച് ആശങ്കപ്പെട്ടപ്പോൾ ഇതരപത്രങ്ങളൊക്കെ ചേർന്ന് മറുപടി പറഞ്ഞു. ഇവിടെ ഒരു പ്രതിസന്ധിയുമില്ല. എങ്ങനെയെങ്കിലും പ്രതിസന്ധിയുണ്ടാകുന്നില്ലെങ്കിൽ പിന്നെ എന്ത് ഹല്ലേല്ലൂയ്യാ? അതുകൊണ്ട് ഹല്ലേല്ലൂയ്യാ പ്രാർത്ഥിക്കയാണ് എങ്ങനെയും അല്പം പ്രതിസന്ധിയുണ്ടായിരുന്നെങ്കിൽ.

പോപ്പിന്റെ സ്വവർഗ്ഗരതി വിവാദം ക്രിസ്തീയ പത്രങ്ങൾ നല്ല വിശകലനങ്ങളാക്കി നൽകി. പോയവർഷം പോപ്പ് നമ്മെ ഓർമ്മിപ്പിച്ചത് ഇത്തരം അവലക്ഷണങ്ങൾ മഹത്വരമാണെന്നാണ്. ഇത്തരം പോപ്പുമാരുടെ ചീപ്പ് വാക്കുകൾക്ക് വിലനൽകാൻ ആരെങ്കിലും തുനിയുമെങ്കിൽ അത് മരുപ്പച്ച മാത്രമാണ്.

പതിവുപോലെ ഈ വർഷവും കുമ്പനാട് ധൂമഹേതുക്കൾ പതിക്കും. എന്നുവച്ചാൽ കൺവൻഷനുകളിൽ മാത്രം വരുന്ന പ്രത്യേക പത്രങ്ങൾ പിന്നീട് അവയെ കാണാറില്ല. കൂടാതെ മഹോദ്രപം സാംകുട്ടിയുടെ മഹാപീഢനസാഹിത്യം കെട്ടുകണക്കിനുതള്ളി കുമ്പനാടിനെ മലിനമാക്കും. പൊന്നും മഹോദ്രപം ചാണ്ടിക്കുഞ്ഞേ, കുമ്പനാടിപ്പോൾ മാലിന്യസംസ്കരണ പ്ലാന്റിന്റെ പ്രതിസന്ധിയില്ല. ദയവായി ഏഴംകുളത്തെങ്ങാനും ഇവ ഡംമ്പ് ചെയ്യാൻ സൗകര്യമൊരുക്കി സഹായിക്കണം. ഊമക്കത്തുകളടിക്കാൻ സ്വന്തമായി ഒരു പ്രസും ഉണ്ടാകുന്നത് നല്ലത്. അത് വിതരണം ചെയ്യാൻ പറ്റിയ പുള്ളികൾ ഇവിടെത്തന്നെയുണ്ടല്ലോ.

## 01 ⮪ ദൈവസഭ കേരളാ റീജിയ...

ടി. സാം ഉദ്ഘാടനം ചെയ്യും.

വെസ്റ്റ് ഏഷ്യൻ സൂപ്രണ്ട് റവ. കെൻ. ആൻഡേഴ്സൺ, റവ. ഡെന്നീസ് ഹെഫ്നർ, നാഷണൽ റെപ്രസെന്റീവ് റവ. കെ. സി. ജോൺ, റവ. ജോൺ തോമസ് (യു. എസ്. എ), റവ. സണ്ണി താഴാംപള്ളം (യു. എസ്. എ.), റവ. ബെൻസൺ മത്തായി (ദോഹ), പാസ്റ്റർ ജോയി പാറയ്ക്കൽ, പാസ്റ്റർ രാജൂ ആനിക്കാട്, പാസ്റ്റർ വി. ജോർജ്ജ് എന്നിവർ വചനപ്രഘോഷണം നടത്തുന്നതായിരിക്കും.

ബൈബിൾ സ്റ്റഡി, ശുശ്രൂഷകന്മാർക്കുള്ള പ്രത്യേക ക്ലാസ്സുകൾ, പവർ കോൺഫറൻസ്, ലേഡീസ് ഡിപ്പാർട്ടുമെന്റിന്റെ വാർഷിക സമ്മേളനം, ബൈബിൾ സ്കൂൾ ഗ്രാഡുവേഷൻ, സ്നാനശുശ്രൂഷ, യൂത്ത് & സൺഡേസ്കൂൾ പ്രോഗ്രാം, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സംയുക്ത സമ്മേളനം, കർത്തൃമേശ, ആരാധന എന്നിവ ഉണ്ടായിരിക്കും.

ചർച്ച് ഓഫ് ഗോഡ് ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കും.26ന് രാവിലെ 10 മുതൽ1 വരെ കൗൺസിൽ തിരഞ്ഞെടുപ്പ് നടക്കും. ഓവർസീയർ ജനറൽ കൺവീനറായി കൺവൻഷന്റെ വിജയപ്രദമായ നടത്തിപ്പിനായി വിവിധ കമ്മറ്റികളുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. കൺവൻഷനിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം ക്രമീകരിച്ചിട്ടുണ്ട്.

## ഗുഡ്ന്യൂസ് കൺവൻഷൻ

**കീഴില്ലം:** പെനിയേൽ ബൈബിൾ സെമിനാരിയുടെ ആഭിമുഖ്യത്തിലുള്ള ഗുഡ് ന്യൂസ് കൺവൻഷൻ ഫെബ്രുവരി 2 മുതൽ 4 വരെ പെനിയേൽ ഗ്രൗണ്ടിൽ വച്ച് നടക്കുന്നു. ബി. മോനച്ചൻ, ഡോ. സി. പി. വർഗീസ്, പാസ്റ്റർ തോമസ് ഫിലിപ്പ് (പുനലൂർ) എന്നിവർ പ്രസംഗിക്കും.

പൂർവ്വവിദ്യാർത്ഥി സമ്മേളനം ഫെബ്രുവരി 5നും ഗ്രാഡുവേഷൻ സർവ്വീസ് 6നും പെനിയേൽ ഓഡിറ്റോറിയത്തിൽ വച്ച് നടക്കും.

## ബിലീവേഴ്സ് ജേണൽ പ്രയർ ലൈൻ

നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾക്കായി 24 മണിക്കൂറും പ്രയർ ഹെൽപ് ലൈൻ ആരംഭിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ താഴെ പറയുന്ന ടെലിഫോൺ നമ്പറുകളിലോ ഇ–മെയിൽ വിലാസത്തിലോ അറിയിക്കാവുന്നതാണ്.

**ഫോൺ: 9947743346, 9526602670**
**Email: beljournprayer@gmail.com**

## കല്ലുകടി

### ഓട്ടൻ തുള്ളലും ക്രിസ്തുമസ്സും പെന്തെക്കോസ്ത് മുന്നോട്ട്

ഒരിക്കൽ എതിർത്തതിനെയും ഉപേക്ഷിച്ചതിനെയും എല്ലാം ആവശത്തോടെ പുൽകുകയാണ് പെന്തെക്കോസ്തുകാർ. മറ്റുമതങ്ങളുടെയും സമുദായ സഭകളുടെയും ആചാരങ്ങളെയും ആഘോഷങ്ങളെയും ഒഴിവാക്കിയിരുന്ന പെന്തെക്കോസ്തുകാർ അതിനാവശ്യമായ വേദപുസ്തക നിലപാടും വ്യക്തമാക്കുമായിരുന്നു. ഈസ്റ്റർ, ഓണം, ക്രിസ്തുമസ് ഇങ്ങനെയുള്ളതെല്ലാം ഒഴിവാക്കിയിരുന്നു. ആഭരണവിരോധത്തിനും ഇത്തരം ന്യായീകരണം നിരത്തി പ്രസംഗിച്ചിരുന്നവരെയും ഓർക്കുന്നു.

എന്നാൽ കാലം മാറി. നവമാധ്യമമായ മുഖപുസ്തകത്തിൽ (Facebook) സീസണാകുമ്പോൾ Happy Onam, Happy X' mas, Happy Easter സന്ദേശങ്ങൾ പോസ്റ്റ് ചെയ്യാൻ പെന്തെക്കോസ്തിലെ പോരാട്ടക്കാർ എല്ലാം മത്സരിക്കുന്ന കാഴ്ചയാണ്. ക്രിസ്തുമസ് ദിനത്തിൽ സാന്റാക്ലോസിന്റെ തൊപ്പിയും വെച്ച് കാരൾ സർവ്വീസ് നടത്തുന്നവരും കാരൾ ഗാനമത്സരം നടത്തുന്നവരും പെന്തെക്കോസ്തിൽ ധാരാളം. ഇടുക്കിയിലൊരു ഏ.ജി. സഭ ആരാധനാലയത്തിന്റെ മുമ്പിൽ ക്രിസ്തുമസ് നക്ഷത്രം ഉയർത്തി നാട്ടുകാർക്ക് ക്രിസ്തുമസ്സ് ആശംസയും അറിയിച്ച് ഒരു ചുവടു മുന്നിലെത്തി. പിതാക്കന്മാർക്ക് തെറ്റുപറ്റിയത് തിരുത്തുന്ന പുത്തൻ തലമുറയുടെ ഉത്സാഹം ഈ സമൂഹത്തെ എവിടെവരെയെത്തിക്കുമോ എന്തോ? പുതുവത്സരയോഗത്തിന് വാഗ്ദത്ത വാക്യം എടുക്കുന്നതും ഇന്ന് ശുശ്രൂഷയുടെ ഭാഗമായി മാറിക്കഴിഞ്ഞു.

**അടിക്കുറിപ്പ്:** സഭയിലെ 10 വയസ്സുള്ള പെൺകുട്ടിയ്ക്കു 2015 ലേക്കുള്ള വാഗ്ദത്ത വാക്യം “നിന്റെ സന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും.”

# ഐ.പി.സി.ഫാമിലി കോൺഫറൻസ് രജിസ്ട്രേഷൻ കിക്കോഫ് വൻ വിജയം



**ഡാളസ്:** നോർത്ത് അമേരിക്കൻ ഐ.പി.സി. ഫാമിലി കോൺഫറൻസിന്റെ രജിസ്ട്രേഷൻ കിക്കോഫ് സമ്മേളനം ഗാർലന്റ് ഐ.പി.സി ഹെബ്രോൻ സഭാ ഹാളിൽ പാസ്റ്റർ ജോർജ്ജ് .സി.വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. വിവിധ പട്ടണങ്ങളിൽ നിന്നുള്ള നാഷണൽ ഭാരവാഹികളും, ലോക്കൽ പ്രതിനിധികളും, സഭാ ശുശ്രൂഷകരും, വിശ്വാസികളും ഈ സമ്മേളനത്തിൽ പങ്കെടുത്തു.

പാസ്റ്റർ അലകസ് വെട്ടിക്കൽ (നാഷണൽ കൺവീനർ), ജോയി തുമ്പമൺ(നാഷണൽ സെക്രട്ടറി), ശാമുവേൽ യോഹന്നാൻ(ലോക്കൽ സെക്രട്ടറി), വെസ്ലീ ആലുംമൂട്ടിൽ(യൂത്ത് കോർഡിനേറ്റർ), ജോസ് ശാമുവേൽ (ലോക്കൽ സെക്രട്ടറി) തുടങ്ങിയവർ ജൂലൈ 16– 19 വരെ ഒക്കലഹോമ നഗരത്തിലെ എംബസി സ്യൂട്ടിൽ നടത്തപ്പെടുന്ന കോൺഫറൻസിന്റെ പ്രോഗ്രാം, ഭക്ഷണം, പാർപ്പിടം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി സംസാരിച്ചു.

കർത്തൃദാസന്മാരായ പി.ബി. തോമസ്, കെ.ജെ. കുരിയാക്കോസ്, ഷിബു ശാമുവേൽ ആശംസാപ്രസംഗം നടത്തി. കോൺഫറൻസിന്റെ പ്രഥമ രജിസ്ട്രേഷൻ പാസ്റ്റർ തോമസ് കോശിയിൽ നിന്ന് (ഐ.പി.സി മിഡ്‌വെസ്റ്റ് റീജിയൻ പ്രസിഡന്റ്) ജോയി തുമ്പമൺ സ്വീകരിച്ചു. സ്പോൺസർഷിപ്പിന്റെ പ്രഥമ രജിസ്ട്രേഷൻ ഐ.പി.സി. വൈസ് പ്രസിഡന്റായ പാസ്റ്റർ ബേബി വർഗീസിൽ നിന്ന് നാഷണൽ കൺവീനർ പാസ്റ്റർ അലകസ് വെട്ടിക്കൽ സ്വീകരിച്ചു.

ഡാളസ് ഗുഡ്‌വിൽ മിനിസ്ട്രിയുടെ നാമധേയത്തിൽ അച്ചൻകുഞ്ഞ് കപ്പമാംമൂട്ടിൽ നല്കിയ സംഭാവന ശാമുവേൽ യോഹന്നാൻ സ്വീകരിച്ചു. തുടർന്ന് നടന്ന രജിസ്ട്രേഷനിൽ വിവിധ സ്ഥലങ്ങളിൽ നിന്ന് കടന്നു വന്നിരുന്ന സഭാശുശ്രൂഷകരും വിശ്വാസികളും പങ്കെടുത്തു. ഒക്കലഹോമിൽ നിന്നുള്ള കോൺഫറൻസിന്റെ ലോക്കൽ ഭാരവാഹികളെ കൺവീനർ പാസ്റ്റർ അലകസ് വെട്ടിക്കൽ സദസ്സിനു പരിചയപ്പെടുത്തി.

നാഷണൽ പ്രതിനിധി രാജു തരകൻ സ്വാഗതവും ലോക്കൽ പ്രതിനിധി പാസ്റ്റർ ജേക്കബ് വർഗ്ഗീസ് നന്ദിയും രേഖപ്പെടുത്തി. പാസ്റ്റർ വീയപുരം ജോർജുകുട്ടിയുടെ പ്രാർത്ഥനയോടു കൂടി സമ്മേളനം സമാപിച്ചു. പ്രവാസ ജീവിതത്തിൽ കൂട്ടായ്മയുടെ സന്തോഷദിനങ്ങൾ പങ്കിടുവാനും വിശ്വാസികൾ ആകാംഷയോടെ കാത്തിരിക്കുന്ന ഈ സന്ദർഭത്തിൽ അവർക്ക് ആഥിത്യമരുളുവാൻ സംഘാടകരും കർമ്മ നിരതരായിരിക്കുകയാണ്.വിശദ വിവരങ്ങൾക്ക്: www.ipcfamilyc onferenc e.com







# ഡാളസിലെ തെരുവുകളിൽ സ്നേഹസ്വാന്തനമായി പാസ്റ്റർ സന്തോഷ് പൊടിമല

ആധുനികതയുടെ കുത്തൊഴുക്കും മിന്നുന്ന പുറംമോടിയും ആഡംബരവുമെല്ലാം അമേരിക്കയെ വ്യത്യസ്തമാക്കുന്നു. ആരുമറിയാത്ത മറ്റൊരു ഇരുണ്ടമുഖം കൂടെ ഇവിടെയുണ്ട്. താളപ്പിഴകൾ മൂലം ജീവിതം കൈവിട്ടുപോയ ഒരുകൂട്ടം ആളുകൾ. അന്തിയുറങ്ങുവാൻ സ്ഥലമില്ലാതെ തെരുവിൽ അലയുന്നവർ. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി ജീവിതം താറുമാറായവർ ധാരാളം. തോക്കുകൾ കഥ പറയുന്ന ഇവിടേക്ക് തിരിഞ്ഞുനോക്കുവാൻ ആളുകൾ മടിച്ചുനിൽക്കുമ്പോൾ നല്ല ശമര്യക്കാരനായ യേശുവിന്റെ മനസ്സുമായി ഒരു മലയാളി സുവിശേഷകൻ ഡാളസ് തെരുവിൽ എത്തുന്നത് വേറിട്ട കാഴ്ചയാണ്. ക്രിസ്തുവിന്റെ സ്നേഹം വാക്കുകളിലൂടെയും പ്രവർത്തിയിലൂടെയും അവരിലേക്ക് എത്തിക്കുന്ന പാസ്റ്റർ സന്തോഷ് ബെഞ്ചമിൻ പൊടിമല. മറ്റ് സുവിശേഷകരിൽ നിന്ന് വ്യത്യസ്തമായ പ്രവർത്തന പദ്ധതികളുമായി പാസ്റ്റർ സന്തോഷ് വേറിട്ടു നിൽക്കുന്നു. പാസ്റ്റർ ബെഞ്ചമിൻ തോമസിന്റെയും പൊന്നമ്മ ബെഞ്ചമിന്റെയും മകനായ പാസ്റ്റർ സന്തോഷ് ബെയ്‌ലർ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിന്റെ ചാപ്ലെയ്ൻ എന്ന പദവിയോടൊപ്പം ബെഥേൽ പെന്തെക്കോസ്തൽ അസംബ്ലി നോർത്ത് ഡാളസ് സഭയുടെ ഇടയശുശ്രൂഷയും നിർവ്വഹിക്കുന്നു. ഭാര്യ സൂസനും മക്കളായ സ്നേഹയും ശേത്തും സഭാംഗങ്ങളും എല്ലാം പാസ്റ്റർ സന്തോഷിന്റെ ഈ ഉദ്യമത്തിൽ ഉറച്ച പിന്തുണ നൽകുന്നു. സേക്രട്ട് ഹാന്റ്സ് ഓഫ് ഹോപ്പ് ഇൻഡ്യൻ മിനിസ്ട്രീസ് എന്ന നല്ല ശമര്യക്കാരന്റെ ശുശ്രൂഷയിലൂടെ അനേകരെ ക്രിസ്തുവിനായി നേടുവാൻ ഇവർക്ക് കഴിയുന്നു. കുളിയും നനയുമില്ലാതെ നാറ്റം വമിക്കുന്ന ആളുകളെ ശുശ്രൂഷിക്കുകയും അവർക്കാവശ്യമുള്ളത് നൽകി അവരെ പുനരധിവസിപ്പിക്കുവാൻ സഹായിക്കുകയും നിർമ്മല സുവിശേഷത്തിലൂടെ രക്ഷയിലേക്ക് നടത്തുകയും ചെയ്യുന്നു. ഡാളസിലെ 2010 ഗ്രാന്റ് അവന്യൂവിൽ നവംബർ 8ന് സേക്രട്ട് ഹാന്റ്സ് ഓഫ് ഹോപ്പ് ഇൻഡ്യൻ മിനിസ്ട്രീസിന്റെ ചുമതലയിൽ നടന്ന ഔട്ട്റീച്ച് മിനിസ്ട്രിയിൽ തെരുവിൽ നിന്നുള്ള നൂറുകണക്കിന് ആളുകളുടെ പാദം കഴുകയും അവർക്ക് വസ്ത്രവും ഭക്ഷണവും നൽകി സുവിശേഷം പങ്കിടുകയും ചെയ്തു. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ഇവർക്ക് അനേകരെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുവാൻ കഴിഞ്ഞു. മാത്രമല്ല ഇവരിൽ നിന്നും ചിലർ സുവിശേഷപ്രവർത്തകരായി മാറി എന്നതും അഭിമാനകരമാണ്. അവരിലൂടെ ഭവനരഹിതരായവരുടെ (ഹോംലെസ്സ്) ഇടയിലെ പ്രവർത്തനം വിശാലമാക്കുവാനും സാധിക്കുന്നു. നമുക്ക് ഇവർക്കായി പ്രാർത്ഥിക്കാം. പ്രവർത്തനത്തിൽ പങ്കാളികളാകാം.



## നേതൃത്വം കൊടുക്കുന്നവർ

**ഫൗണ്ടർ & പ്രസിഡന്റ്**
പാസ്റ്റർ സന്തോഷ് പൊടിമല

**വൈസ് പ്രസിഡന്റ്**
പാ. ബെഞ്ചമിൻ തോമസ്

**സെക്രട്ടറി**
ജോൺ കെ. ബാബു (കടവിൽ)

**ട്രഷറർ**
ജോർജ്ജ് ഏബ്രഹാം ഒക്കലഹോമ



















| കൂടുതൽ വിവരങ്ങൾക്ക് | വിലാസം |
|---|---|
| www.sacredhandsofhope.org സന്ദർശിക്കുക.<br>Email: sacredhandsofhope@gmail.com<br>PH: 214 929 3370 | 10701, ST. ANNES Dr.<br>Rowlett, TX 75089<br>USA |

## ഡോ.കോര സംസാരിക്കുന്നു



1. പി. വൈ. പി. എക്കാർ തൃശൂരിൽ ഓട്ടൻതുള്ളൽ നടത്തിയത് കോര അറിഞ്ഞില്ലേ. **– സുബിൻ കുമ്പനാട്**

*വലിയവർ കുമ്പനാട്ട് ഇരുന്ന് തുള്ളുമ്പോൾ പി. വൈ. പി. എക്കാർ ഓടി തുള്ളിയതിൽ അത്ഭുതപ്പെടാനൊന്നുമില്ലല്ലോ.*

2. ഘർവാപസിയെക്കുറിച്ച് കോരയുടെ അഭിപ്രായം എന്താണ്? **– മോൻസി, കോന്നി**

*നല്ല കാര്യം എന്നുമാത്രമേ കോരയ്ക്കും അഭിപ്രായം ഉള്ളൂ. എല്ലാവരും വീട്ടിലേക്ക് മടങ്ങണം. അവിടെ സ്നേഹവാനായ ഒരു പിതാവ് ഉണ്ടെന്നുള്ള ബോധ്യം എല്ലാവർക്കും ഉണ്ടായാൽ നന്ന്.*

3. ഐ. പി. സി.യിൽ പ്രതിസന്ധിയില്ലെന്ന് വാർത്ത. കോര എന്തു പറയുന്നു **– എബി കുമ്പനാട്**

*ഇപ്പോഴത്തെ പ്രശ്നങ്ങളിൽ പ്രതി ഉണ്ടോ എന്ന് അറിഞ്ഞുകൂടാ. പക്ഷെ ഐ. പി. സിയിൽ യാതൊരു സന്ധിയുമില്ല എന്നതാണ് യാഥാർത്ഥ്യം.*

4. കാശു കൊടുത്ത് പ്രസംഗിക്കാൻ അവസരം മേടിക്കുന്നവരെക്കുറിച്ച് കോര എന്തു പറയുന്നു. **– കൊച്ചുമോൻ, ഭൂട്ടാൻ**

*പൊട്ടന് ഭൂട്ടാൻ ഡാറ്റാ അടിച്ചതുപോലെ എന്ന് കൊച്ചുമോൻ കേട്ടിട്ടില്ലേ.*

## നോർത്ത് അമേരിക്ക ഐ. പി. സി. ഈസ്റ്റേൺ റീജിയൻ
# പാസ്റ്റർ ഇട്ടി ഏബ്രഹാം പ്രസിഡന്റ്



**ന്യൂയോർക്ക്:** ഇൻഡ്യാ പെന്തെക്കോസ്ത് ദൈവസഭയുടെ വിദേശത്തുള്ള ഏറ്റവും വലിയ റീജിയനുകളിലൊന്നായ ഈസ്റ്റേൺ റീജിയന്റെ വാർഷിക പൊതുയോഗവും അടുത്ത മൂന്നു വർഷത്തേക്കുള്ള പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ഡിസംബർ 21ന് ഞായറാഴ്ച വൈകിട്ട് 4 മണിക്ക് ന്യൂയോർക്ക് ഇൻഡ്യാ ക്രിസ്റ്റ്യൻ അസംബ്ലി ഹാളിൽ നടന്നു. 2015 – 2017 വർഷത്തേക്കുള്ള പുതിയ റീജിയൻ കൗൺസിൽ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് പാസ്റ്റർ ഇട്ടി ഏബ്രഹാം, വൈസ് പ്രസിഡന്റ് പാസ്റ്റർ ജോൺ തോമസ്, സെക്രട്ടറി പാസ്റ്റർ കെ. വി. ഏബ്രഹാം, ജോ. സെക്രട്ടറി ബ്രദർ ഉമ്മൻ എബനേസർ, ട്രഷറർ ബ്രദർ സാം തോമസ്.

പാസ്റ്റർ ജോസഫ് വില്യംസ്, ബ്രദർ സാം തോമസ് എന്നിവർ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. മസാച്ചുസെറ്റ്സ്, കണക്റ്റികട്ട്, ന്യൂയോർക്ക്, ന്യൂജേഴ്സി, പെൻസിൽവേനിയ, മെരിലാന്റ് എന്നീ സ്റ്റേറ്റുകളും, വാഷിംഗ്ടൺ ഡിസിയും ഉൾപ്പെട്ടതാണ് ഈസ്റ്റേൺ റീജിയൻ, ഭാരതത്തിലും മറ്റ് വിദേശരാജ്യങ്ങളിലുമായി വിവിധ ആത്മീയ ജീവകാരുണ്യ പ്രവർത്തനങ്ങൾ വർഷം തോറും റീജിയന്റെ ചുമതലയിൽ നടന്നുവരുന്നു.

## • വൈവാഹികം •

അബുദബിയിലെ പ്രശസ്തമായ കമ്പനിയിൽ ജോലി ചെയ്യുന്ന പെന്തെക്കോസ്ത് യുവാവ് (ഈഴവ വിഭാഗത്തിൽ നിന്നും രക്ഷിക്കപ്പെട്ട) 28 വയസ് 5’9 ഉയരം വെളുത്ത നിറം. അനുയോജ്യരായ പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു. നേഴ്സുമാർക്ക് മുൻഗണന.

**ഫോൺ: 7558867038**

## സുവിശേഷയോഗം

**മീനങ്ങാടി:** ചർച്ച് ഓഫ് ഗോഡ് 54 സഭകളുടെ ആഭിമുഖ്യത്തിൽ 2015 ഫെബ്രുവരി 9,10,11 തീയതികളിൽ സുവിശേഷയോഗങ്ങൾ നടക്കുന്നു. പാസ്റ്റർ കെ.ജോയി (ഡൽഹി), പാസ്റ്റർ നിബു പി. ജോൺ എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നു.

## സഭാഹാൾ സമർപ്പണം

**തൃശൂർ:** മാന്ദാമംഗലം ഐ.പി.സി. ഹെബ്രോൻ സഭയുടെ പുതുക്കിപ്പണിത സഭാഹാളിന്റെ സമർപ്പണ ശുശ്രൂഷ പാസ്റ്റർ ടി.പി. പൗലോസ് നിർവ്വഹിച്ചു. 2015 ജനുവരി 2 വെള്ളിയാഴ്ച് 10–ന് നടന്ന സമർപ്പണ ശുശ്രൂഷയിൽ പാസ്റ്റർ ജോൺ തോമസ് വചനം ശുശ്രൂഷിച്ചു. വിവിധ സഭാസംഘടനകളിൽ നിന്നുള്ള ദൈവദാസന്മാർ ആശംസകൾ അറിയിച്ചു. ഐ.പി.സി. തൃശൂർ ഈസ്റ്റ് സെന്ററിൽ പെട്ട ഈ സഭയിൽ പാസ്റ്റർ ജോയി പെരുമ്പാവൂർ ശുശ്രൂഷിക്കുന്നു.

## സെന്റർ കൺവൻഷൻ

**എറണാകുളം:** ഐ. പി. സി സെന്റർ കൺവൻഷൻ ജീവവചനം എന്ന പേരിൽ ജനുവരി 29 – ഫെബ്രുവരി 1 വരെ തോപ്പുംപടിയിൽ നടക്കും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ.സി.ശമുവേൽ, കെ.സി. ജോൺ, കെ.സി. തോമസ്, ഡോ. മാത്യു ജോർജ്ജ്, ശലോമി ജോർജ്ജ് എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിക്കും. ഫേവറൈറ്റ് മെലഡീസ് തൃശൂർ ഗാനങ്ങൾ ആലപിക്കും. പാസ്റ്റർ സി.റ്റി. മാത്യൂ, സി.ഐസക്ക് എന്നിവരുടെ ജനറൽ കൺവീനറായി വിപുലമായ കമ്മിറ്റി പ്രവർത്തിക്കുന്നു.

## സെന്റർ കൺവൻഷൻ

**മല്ലപ്പള്ളി:** ശാരോൻ ഫെലോഷിപ്പ് ചർച്ച് മല്ലപ്പള്ളി സെന്റർ കൺവൻഷൻ ജനുവരി 14 ബുധൻ മുതൽ 18 ഞായർ വരെ മൂശാരിക്കവല ശാരോൻ ഗ്രൗണ്ടിൽ നടക്കും. സെന്റർ പാസ്റ്റർ ഫിന്നി ജേക്കബ് ഉദ്ഘാടനം ചെയ്യും. പൊതുയോഗങ്ങളിൽ ഡോ. റ്റി.ജി കോശി, പാസ്റ്റർമാരായ ടി. ജെ. ശാമുവേൽ, കെ. ജോയി, അജി തോമസ്, ഫിന്നി ഏബ്രഹാം എന്നിവർ പ്രസംഗിക്കും. പാസ്റ്റർ സിറിൽ നെറോണ (സ്റ്റാവുറോസ്) സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം വഹിക്കും. സൺഡേസ്കൂൾ, സി. ഇ. എം. സംയുക്ത വാർഷിക യോഗത്തിൽ പാസ്റ്റർ ഏബ്രഹാം തോമസ് സന്ദേശം നൽകും. ശുശ്രൂഷകസമ്മേളനം, വനിതാസമാജം, പൊതുയോഗം, കർത്തൃമേശ എന്നിവയും ഉണ്ടായിരിക്കും.

BUSINESS OPPORTUNITY
A WIDE RANGE OF HOME/LIFE STYLE APPLIANCES
AVAILABLE AT WHOLESALE RATE



Air Fryer | Tower Fan | Vacuum Cleaner
Juicer | High Pressure Car Washer
Health Grill | Box Fan | Wall Fan
LPG Glass Top stove | Chapatti Maker
Steam Mop | Pop Corn Maker | Bread Maker
Deep Fryer | Barbecue | Portable OTG
Portable Food Processor
Cutting and Drilling Machines.

Shop Keepers, Direct Marketing Co's, E-commerce firms, Corporate and Bulk Purchasers can contact:
PETRON TRADE CONSULTANTS
MUMBAI
MOBILE : 09833277538
E-mail : pkoshy.prakash@gmail.com
The products will be delivered at all major railway stations



# നിത്യതയിൽ



**എം.സി. വർഗീസ് (കുഞ്ഞൂഞ്ഞ്- 79)**

**നിരണം:** ഐ.പി.സി ടാബർനാക്കിൾ സഭാംഗമായ മടമുഖത്ത് എം.സി. വർഗീസ് (കുഞ്ഞൂഞ്ഞ്- 79) കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാര ശുശ്രൂഷ ഡിസംബർ 27ന് എറണാകുളം സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ.സി. ശമുവേൽ നിർവ്വഹിച്ചു. സഭാ ശുശ്രൂഷകൻ പാസ്റ്റർ പി.കെ ജോൺ, തോമസ് എബ്രഹാം, സതീഷ് മാത്യു, ഡി.സാംകുട്ടി, ചാക്കോ ജോൺ, ഷാജി വിരുപ്പിൽ തുടങ്ങി നിരവധി ദൈവദാസന്മാർ അനുശോചിച്ചു. ഭാര്യ: പരേതയായ കുഞ്ഞമ്മ

മക്കൾ: പാസ്റ്റർ മോനിച്ചൻ (ഐ.പി.സി തുരുത്തിക്കാട്), ജോൺസൺ (കുവൈറ്റ്), സുജ, കൊച്ചുമോൾ

**ഷിബു ഏബ്രഹാം ആര്യപ്പള്ളിൽ**



**കുമ്പനാട്:** ആര്യപ്പള്ളിൽ കുഞ്ഞൂഞ്ഞുകുട്ടിയുടെയും കുഞ്ഞുമോളുടെയും മൂത്തമകൻ ഷിബു ഏബ്രഹാം ആര്യപ്പള്ളിൽ (36) ഡിസംബർ 31-ാം തീയതി ഉച്ചയ്ക്ക് 12.30ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം ഐ.പി.സി.എലീം സെമിത്തേരിയിൽ നടത്തി.

ഭാര്യ: ജിഷ, മകൻ:ജോയൽ



**കെ.പി. ചാക്കോ (ബേബി-80)**

**നിരണം:** ഫിലദെൽഫ്യ ചർച്ച് പ്രസിഡന്റ് റവ. ജോയ് പുന്നൂസിന്റെ പിതാവും ഐ.പി.സി. നിരണം ടാബർനാക്കിൾ സഭാ അംഗവുമായ കടപ്പിലാരിൽ കെ. പി. ചാക്കോ (ബേബി-80) കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാരം ഡിസംബർ 26-ന് ഐ.പി.സി. സെമിത്തേരിയിൽ. പാസ്റ്റർ കെ.സി. ജോൺ നിർവ്വഹിച്ചു. റവ. കെ.പി.യോഹന്നാന്റെ മൂത്ത ജേഷ്ഠനാണ്. സഭാ ശുശ്രൂഷകൻ പാസ്റ്റർ പി.കെ. മാത്യു നേതൃത്വം നൽകി. ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ സാം ജോർജ്ജ് പ്രസംഗിച്ചു. രാജ്യസഭാ ഉപാദ്ധ്യക്ഷൻ പി.ജെ. കുര്യൻ എം. പി, ആന്റോ ആന്റണി എം. പി, ജോസഫ്.എം. പുതുശ്ശേരി, വിക്ടർ ടി.തോമസ് തുടങ്ങിയ നിരവധി പ്രമുഖരക്കം ജനപ്രതിനിധികളും അനേക പാസ്റ്റർമാരും നൂറുകണക്കിനു വിശ്വാസികളും പങ്കെടുത്തു.

**കുഞ്ഞമ്മ ചാക്കോ (81)**



**ഓലകെട്ടിയമ്പലം:** കളത്തിൽ കിഴക്കേതിൽ കുഞ്ഞമ്മ ചാക്കോ (81) നിത്യതയിൽ. സംസ്കാരശുശ്രൂഷ ഐ.പി.സി. ബെഥേൽ സഭാ സെമിത്തേരിയിൽ നടന്നു. ഭർത്താവ് പരേതനായ കെ.ജി. ചാക്കോ. മക്കൾ: പാസ്റ്റർ എം.പി. ജോർജ്ജുകുട്ടി (ഐ.പി.സി. കൗൺസിൽ അംഗം, പുന്നവേലി സെന്റർ പാസ്റ്റർ, എച്ച്.എം.ഐ. ഡയറക്ടർ), കെ.സി. ജോൺ (ഓപ്പറേഷൻ മൊബിലൈസേഷൻ ഇന്ത്യ കേരള സ്റ്റേറ്റ് മിഷൻ കോ-ഓർഡിനേറ്റർ), കെ.സി. ജോസഫ് (ഒ.എം. ബുക്സ് പബ്ലിഷിംഗ് ഡയറക്ടർ), ഏലിയാമ്മ ജോൺസൻ, രൂത്ത് സാം, മറിയാമ്മ ചാക്കോ, മരുമക്കൾ: അന്നമ്മ ജോർജ്ജ്, ജോളി ജോൺ, മിനി ജോസഫ്, പാസ്റ്റർ ജി. ജോൺസൻ (ഐ. പി. സി. ഫിലഡെൽഫിയ, കോഴിക്കോട്), പാസ്റ്റർ ഡി. സാംകുട്ടി (ഐ.പി.സി. തട്ടയ്ക്കാട്, കുമ്പനാട്), പരേതനായ എ.കെ. ജോർജ്ജ് (പാലക്കാട്).



**പൊന്നമ്മ മാത്യു**

**ചാറ്റനൂഗ, ടെന്നസ്സി:** റാന്നി പീടികയിൽ തോമസ് പി.മത്തായിയുടെ ഭാര്യ പൊന്നമ്മ പി. തോമസ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ചാറ്റനൂഗ ക്രിസ്ത്യൻ അസംബ്ലീ ചർച്ചിൽ വെച്ച് ജനുവരി 9-ന് വെള്ളിയാഴ്ച വൈകുന്നേരം 5 മുതൽ 8.30 വരെ വ്യൂവിംഗ് നടക്കും. ജനിവരി 10-ന് ശനിയാഴ്ച രാവിലെ 10 മണിക്ക് ചാറ്റനൂഗ ഹെറിട്ടേജ് ഫ്യൂണറൽ ഹോമിൽ വെച്ച് നടക്കുന്ന ശുശ്രൂഷകൾക്ക് ശേഷം ഊൾട്ടവാ സെമിത്തെരിയിൽ ശവസംസ്കാരം നടക്കും.

മക്കൾ: ജോസ്, സുജ, മരുമക്കൾ: ജോൺസൺ ഫിലിപ്പോസ്, മിനി ജോസ് (എല്ലാവരും യു.എസ്.എ)

## കൊച്ചുവർത്തമാനം





പാസ്റ്റർ ബിജു ജോയി
തുവയൂർ
ഗൾഫ് എഡിറ്റർ

# "ചാക്കോച്ചന്റെ ഒരു മാറ്റം"

ഉപദേശത്തിലും ജീവിതത്തിലും കടുകിട വിട്ടുവീഴ്ച ചെയ്യാത്ത ചാക്കോ പാസ്റ്റർ ഭക്തിയും ശക്തിയും ഒക്കെ ഉള്ളവനാണ്. പിതാക്കന്മാർ നേതൃത്വം നൽകി ആരംഭിച്ച പ്രധാന സംഘടനയിൽ ഉൾപ്പെട്ടുനിൽക്കുന്നു എന്നു മാത്രമല്ല- ഇന്നലെ മുളച്ചു പൊന്തിയ സംഘടനകളും, കൂട്ടങ്ങളെന്നും ദൈവീകമല്ലത്തതെന്ന് ഉച്ചൈസ്തരം പ്രഖ്യാപിക്കുവാൻ ലഭിക്കുന്ന അവസരങ്ങൾ വളരെ നന്നായി തന്നെ ഉപയോഗിക്കാറുമുണ്ട്. പുതിയ ആത്മീക സംഭവങ്ങൾക്ക് എതിരെ ഏതറ്റം വരെയും പോരാടാൻ സദാ ജാഗരുകനാണ് താൻ. അങ്ങനെയിരിക്കെ ഭാര്യാ സഹോദരൻ വഴിയാണ് 'മരുഭൂമിയുടെ പ്രദേശത്തേക്ക്' കടന്നു വരുവാനായി ദൈവം അവസരം ഒരുക്കിയത് - ചിരകാല അഭിലാഷം നിവർത്തിയായ നിർവൃതിയോടെയാണ് ആകാശയാത്ര ചെയ്യുവാനും ഇടവന്നത്. മരുഭൂമിയിൽ എത്തിയപ്പോൾ ആവേശം അണപൊട്ടി..... കാരണം തന്റെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്ന സംഘടനയ്ക്ക് ധാരാളം കൂടിവരവുകൾ മരുപ്രദേശത്ത് ഉണ്ടെന്ന് അന്വേഷണത്തിൽ തനിക്ക് ബോധ്യമായി. ഹാ - മനോഹരം........

പൊന്നളിയൻ സംഘടിപ്പിച്ചു നൽകിയ ഡയറക്ടറി നോക്കി ഒരോ വിശുദ്ധ കൂട്ടായ്മക്കാരെയും വിളിച്ചു തുടങ്ങി ഭക്തൻ - വിരലിലെണ്ണാവുന്നവരൊഴികെ- പരിചിതരും- അപരിചതരും "പരിഗണന" നൽകാതെ ദാസനെ കൈയ്യൊഴിഞ്ഞു..... ദുഃഖത്തിന്റെ പാനപാത്രം.... ഒടുവിൽ അളിയന്റെ നിർബന്ധം മൂലം പേരില്ലാ കൂട്ടത്തിലുള്ള ഒരു കൂട്ടായ്മ ലഭിച്ചു. പിന്നെയല്ലെ കളി - ചാക്കോച്ചൻ മരുപ്രദേശം വിടുന്ന ഒടുവിലത്തെ നാൾ വരെ അനവധി - നിരവധി- യോഗങ്ങളിൽ പ്രഭാഷകനായും, അദ്ധ്യാപകനായും- ആലോചനക്കാരനായും, എന്നു വേണ്ട പല "റോളും" ചാക്കോച്ചനിൽ വെളിപ്പെട്ടു വന്നു.... ഒടുവിൽ ചാക്കോച്ചന് മനസിലായി "ദൈവസഭ ഒരു മർമ്മമാ"ണെന്ന് ഈയുള്ളവനോട് അദ്ദേഹം പറഞ്ഞത് കേട്ട് ആരും ഞെട്ടരുത്. ഈ ഉപദേശത്തിലൊന്നും വലിയ കാര്യമില്ല.... നമ്മുടെ നേതാക്കന്മാരും അവരുടെ കൂട്ടായ്മകളിൽ മിക്കപ്പോഴും പ്രസംഗിക്കാറുണ്ട് "അതു കൊണ്ടൊരു ദോഷവും ഇല്ല- നമ്മളെല്ലാം ദൈവമക്കളല്ലേ".......

അനുഭവങ്ങൾ ആളുകൾക്ക് വരുത്തുന്ന ഓരോരോ..... മാറ്റങ്ങൾ അത്യത്ഭുതം തന്നെ............

"നാം വീണ്ടും കാണുംവരെ കർത്താവ് നമ്മെ കൃപയിൽ കാക്കട്ടെ"!!.

ശുഭം

# 01 കുമ്പനാട് കൺവൻഷൻ...

ക്രട്ടറി പാസ്റ്റർ സാം ജോർജ് സ്വാഗത പ്രസംഗവും വൈസ് പ്രസിഡന്റ് പാസ്റ്റർ ബേബി വർഗീസ് സങ്കീർത്തന ധ്യാനവും ട്രഷറാർ ഡോ. ജോൺ ജോസഫ് വിവിധ പ്രസ്താവനകളും നടത്തും. സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ റ്റി.എസ്. എബ്രഹാം പ്രാരംഭ പ്രാർത്ഥന നടത്തും.

തുടർന്നുള്ള ദിവസങ്ങളിലെ രാത്രിയോഗങ്ങളിൽ പാസ്റ്റർമാരായ ജോൺ കെ.മാത്യു, റ്റി.ഡി.ബാബു, ജോർജ് മോനച്ചൻ, സണ്ണി ഫിലിപ്പ്, സണ്ണി കുര്യൻ, ജെയിംസ് ജോർജ്, എം.എസ്. ശാമുവേൽ, എബ്രഹാം ചാക്കോ, ഫിലിപ്പ് പി.തോമസ്, കെ.സി തോമസ്, ശാമുവേൽ ജോൺ, റ്റി. വത്സൻ എബ്രഹാം, ബാബു ചെറിയാൻ, ഫിന്നി ശാമുവേൽ, ബേബി വർഗീസ്, കെ.സി.ജോൺ എന്നിവർ വചനശുശ്രൂഷ നിർവ്വഹിക്കും. 'നിസ്തുല്യനായ ക്രിസ്തു' എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. ഈ വിഷയത്തിന്റെ വിവിധ ഭാഗങ്ങൾ ദിവസേനയുള്ള പ്രഭാഷണങ്ങളിലുണ്ടാകും.

ദിവസവും രാവിലെ 5ന് പ്രഭാതധ്യാനം, എട്ടിന് ബൈബിൾ ക്ലാസ്, 10നും, 2നും പൊതുയോഗങ്ങൾ, 20ന് 10ന് ഹെബ്രോൻ ബൈബിൾ കോളജ് ബിരുദദാനം, 22ന് രണ്ടിന് മറുനാടൻ മലയാളി വിശ്വാസ സംഗമം, യൂത്ത് അഡ്വാൻസ്, കുട്ടികളുടെ യോഗം എന്നിവ നടക്കും. 25ന് രാവിലെ കർത്തൃമേശ ശുശ്രൂഷയിൽ സീനിയർ മിനിസ്റ്റർ പാസ്റ്റർ കെ.എം. ജോസഫ് അദ്ധ്യക്ഷത വഹിക്കും. സീനിയർ മിനിസ്റ്റർ പാസ്റ്റർ എംവി. വർഗീസ്, തിരുവത്താഴ ശുശ്രൂഷ നിർവ്വഹിക്കും. 10ന് സമാപന സമ്മേളനത്തിലും ആരാധനയിലും സീനിയർ മിനിസ്റ്റർ പാസ്റ്റർ കെ.എം.ജോൺ അദ്ധ്യക്ഷത വഹിക്കും. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, ആക്ടിംഗ് സെക്രട്ടറി പാസ്റ്റർ സാം ജോർജ് എന്നിവർ പ്രസംഗിക്കും. പാസ്റ്റർ കെ.സി.ജോൺ, സമാപന സന്ദേശം നൽകും, പാസ്റ്റർ റ്റി,എസ്. ഏബ്രഹാമിന്റെ ആശീർവാദത്തോടെ കൺവൻഷൻ സമാപിക്കും. കൺവൻഷൻ ക്വയർ ഗാനശുശ്രൂഷ നിർവഹിക്കും. ഹിന്ദി കൺവൻഷൻ 19 മുതൽ 24 വരെ ചാപ്പലിൽ നടക്കും.

കൺവൻഷന് മുന്നോടിയായുള്ള ഉപവാസ പ്രാർത്ഥന ജനുവരി 11 മുതൽ 17 വരെ ഹെബ്രോൻപുരത്ത് നടക്കും. കൺവൻഷനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നതായി ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു.

# ഐ.പി.സി സോദരീസമാജം സ്റ്റേറ്റ് സമ്മേളനം



**കുമ്പനാട്:** ഐ.പി.സി സോദരീ സമാജം കേരള സ്റ്റേറ്റ് വാർഷിക സമ്മേളനം സഭാ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി.തോമസ് മുഖ്യാതിഥിയായി പങ്കെടുത്ത വചന ശുശ്രൂഷ നടത്തി. പാസ്റ്റർ മാത്യു ടി. എബ്രഹാം അദ്ധ്യക്ഷത വഹിച്ചു.

പാസ്റ്റർ റ്റി.ജെ എബ്രഹാം, സോദരീസമാജം പ്രസിഡന്റ് സൂസൻ എബ്രഹാം, വൈസ് പ്രസിഡന്റുമാരായ സൂസൻ റ്റി.സണ്ണി, പൊന്നമ്മ മാത്യു, സെക്രട്ടറി അന്നമ്മ മാത്യു, ട്രഷറർ മോളിക്കുട്ടി നൈനാൻ, ജോയിന്റ് സെക്രട്ടിമാരായ ആനി തോമസ്, ജോയമ്മ ബേബി, ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ ദേശീയ വൈസ് പ്രസിഡന്റ് സ്റ്റാർലാ ലൂക്ക്, ആനി സ്റ്റീഫൻ, സാലി മോനായി എന്നിവർ പ്രസംഗിച്ചു. മേഖല സെക്രട്ടറിമാർ അതാത് റിപ്പോർട്ടുകൾ അവതരിപ്പിച്ചു. വിവാഹ സഹായവും സങ്കേതസഹായവും വിതരണം ചെയ്തു.

# ശാലേം എ. ജി ഉദ്ഘാടനം ചെയ്തു



**ഫിലദൽഫിയ:** അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ ഒരു പുതിയ സഭാകൂടിവരവ് ഫിലദൽഫിയായിൽ ആരംഭിച്ചു. ഫിലദൽഫിയാ ശാലേം അസംബ്ലീസ് ഓഫ് ഗോഡ് എന്ന പേരിൽ അറിയപ്പെടുന്ന പ്രസ്തുത സഭയുടെ ഉദ്ഘാടനം എ. ജി. ഇന്ത്യാ ഫെലോഷിപ്പ് ഓഫ് നോർത്ത് അമേരിക്ക ഈസ്റ്റേൺ റീജിയൻ വൈസ് പ്രസിഡന്റ് റവ. വിൽസൻ ജോസ് നിർവ്വഹിച്ചു. റവ. ജോർജ് പി. ചാക്കോ മുഖ്യ സന്ദേശം നൽകി. പാസ്റ്റർമാരായ മാത്യു ഫിലിപ്പ്, നൈനാൻ കോശി, ജോൺ സാമുവേൽ, ജോർജ് ഡാനിയേൽ, റോബിൻ മാത്യു, ജിജി വർഗീസ് തുടങ്ങിയവർ ആശംസ അറിയിച്ചു.

# സുവിശേഷയോഗവും സംഗീതവിരുന്നും

**ചമ്പക്കുളം:** ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ ജനുവരി 17,18,19 തീയതികളിൽ 6 മുതൽ 8.30 വരെ ചമ്പക്കുളം ഗവൺമെന്റ് ആശുപത്രിക്കുസമീപം സുവിശേഷയോഗവും സംഗീതവിരുന്നും നടക്കുന്നു. പാസ്റ്റർമാരായ എം. ജെ. ജോൺ തിരുവല്ല, പ്രിൻസ് തോമസ് തിരുവല്ല, ഷെമീർ കൊല്ലം എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നു. തിരുവല്ല ശാരോൻ വോയ്സ് ഗാനശുശ്രൂഷ നയിക്കുന്നു. പാസ്റ്റർ സാംസൺ പി. തോമസ് നേതൃത്വം നൽകുന്നു.

ധ്യാനം

# യാഗം ചവിട്ടുന്ന യൗവനക്കാർ



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

വചനമാണ് എല്ലാ കാലഘട്ടത്തിലും ജനത്തിന്റെ ഇടയിൽ തിരുത്തൽ ശക്തിയായി നിലകൊള്ളുന്നത്. വഴികളിലെ പിഴവുകൾ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയായും നിർമ്മിതിയിലെ ചെരിവുകൾ കണ്ടെത്തുന്ന തൂക്കുകട്ടയായും നിലനിന്നുകൊണ്ട് വചനം സത്യവും സങ്കൽപ്പവും സദാ വേർതിരിക്കുന്നു. തിരുവചനത്തിന്റെ സ്വാധീനതയും സാധ്യതകളും അനന്തമായിരിക്കുമ്പോൾ തന്നെ വചനമില്ലാതെവരുന്ന ദുരവസ്ഥ നയിക്കുന്നത് വലിയ പ്രതിസന്ധികളിലെക്കായിരിക്കും. അതിന്റെ ഫലമായി ഉണ്ടാകുന്ന ആത്മീക അരക്ഷിതാവസ്ഥയിൽ ദർശനങ്ങൾ നഷ്ടപ്പെടാം. അത്തരമൊരു അധഃപതനത്തിന്റെ ദിനങ്ങളിൽ കാണേണ്ടതിനെ കാണുവാനും തിരുത്തേണ്ടതിനെ തിരുത്തുവാനും കഴിയാതെ കണ്ണ് മങ്ങിയവനായി പുരോഹിതനായ ഏലി തന്റെ സ്ഥലത്ത് കിടന്നുറങ്ങുന്ന സമയം!! യൗവനക്കാരായ തന്റെ മക്കൾ മുപ്പല്ലിയുമായി യാഗപീഠത്തിനരികെ പച്ചമാംസത്തിനായി പുരോഹിതന്മാരോടു വാദങ്ങളും പ്രതിവാദങ്ങളും നടത്തുന്നു.!! യഹോവയുടെ വഴിപാടു നിന്ദിച്ചുകൊണ്ട് യൗവനക്കാർ മുപ്പല്ലിയുമായി യാഗപീഠത്തിനരികെ നിൽക്കുന്നുണ്ടെങ്കിൽ വചനത്തിന്റെ ദുർല്ലഭം നിമിത്തം ഏലി കണ്ണ് മങ്ങി കാഴ്ച നഷ്ടപ്പെട്ടു കിടന്നുറങ്ങുന്നുണ്ടാകും. ബലാൽക്കാരികൾ ആയ ഈ യൗവനക്കാരെ കുറിച്ച് ഉള്ള ദൈവാഭിപ്രായം ശ്രദ്ധിക്കൂ - "വഴിപാടു നിന്ദിക്കുന്ന യൗവനക്കാർ, യാഗം ചവിട്ടുന്ന നീചന്മാർ!"

ദൈവദൂഷണം പറയുന്ന പുരോഹിതപുത്രന്മാരുടെ അകൃത്യത്തെ തിരുത്താൻ പര്യാപ്തമായ വചനം അവിടെ ഇല്ലാതെ പോയി. വ്യവസ്ഥ ലംഘിച്ചുകൊണ്ടുള്ള മക്കളുടെ മുപ്പല്ലിപ്രയോഗവും അവിഹിത പ്രവണതകളും പലനാൾ കേട്ടിട്ടും ഏലി സ്വീകരിച്ച മൗനം യഹോവയുടെ യാഗം ചവിട്ടികളയുന്നതിലേക്ക് ആ യൗവനക്കാരെ നടത്തി. യാഗവസ്തു കത്തിയമരുമ്പോൾ ഉണ്ടാകുന്ന സൗരഭ്യം സ്വർഗ്ഗത്തിലേക്കുയർന്നു ദൈവപ്രസാദം ഇറങ്ങേണ്ട യാഗവേദികളിൽ പകരമിറങ്ങുന്ന ദൈവകോപത്തിന് പിന്നിലെ കാരണം നാമറിയേണ്ടതുണ്ട്. പൂർവ്വകാലങ്ങളിൽ യാഗപീഠത്തോടടുക്കുമ്പോൾ ഒരു ദൈവഭയം നമ്മെ ഭരിച്ചിരുന്നു. യഹോവയെ കുറിച്ച് അവൻ ദീർഘക്ഷമയും മഹാദയയുമുള്ള ദൈവമാണെന്ന് നാം മനസിലാക്കിയിരുന്നപ്പോഴും വ്യവസ്ഥ വിട്ടുള്ള നമ്മുടെ പ്രവർത്തികളോട് "ദഹിപ്പിക്കുന്ന അഗ്നിയായിട്ടുള്ള" അവിടുത്തെ പ്രതിപ്രവർത്തനവും നാം നന്നായി ഗ്രഹിച്ചിരുന്നു. തലമുറകൾ ചിലത് മാറി വന്നപ്പോൾ നാം നടത്തുന്ന സകല വചനവിരുദ്ധ പ്രവണതകളെയും നിലപാടുകളെയും ന്യായീകരിച്ചു നമ്മെ പ്രോത്സാഹിപ്പിക്കുന്ന കേവലമൊരു കളികൂട്ടുക്കാരനായി ദൈവത്തെ മാറ്റിയെടുത്തു. വലിയ വിലകൊടുത്ത് വളരെ പവിത്രതയോട് കൂടി ചെയ്തിരുന്ന ആത്മീക ശുശ്രൂഷകളോടുള്ള "യൗവനക്കാരുടെ" വികലസമീപനങ്ങളും വിലയില്ലാത്ത നടപടികളും ദൈവത്തെ കോപിപ്പിക്കാൻ മാത്രമേ ഹേതുവാകൂ. എല്ലാ യാഗങ്ങൾക്കും ശുശ്രൂഷകൾക്കും വചനത്തിന്റെ മാർഗ്ഗരേഖയുണ്ട്. യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കാതെ വികാരങ്ങൾക്കടിപ്പെട്ടു നാം വലഞ്ഞു പോകുന്നത് ഖേദകരം തന്നെ!!

വിശുദ്ധമായതു പലതും നിന്ദ്യമായി കണ്ടുകൊണ്ടുള്ള യൗവനക്കാരുടെ ക്രമക്കേടുകളെ തിരുത്താൻ ഉള്ള സത്യവചനത്തിന്റെ സന്ദേശങ്ങൾ നമുക്കിടയിൽ കുറഞ്ഞു വരുമ്പോൾ അവരുടെ കാലുകൾ ഉയരുന്നത് യാഗപീഠത്തിന്റെ മുകളിലെക്കായിരിക്കും. പിന്തുടർന്ന് വന്നിരുന്ന വചനാധിഷ്ഠിത കളും ഉപദേശങ്ങളും പഠിപ്പിക്കലുകളും തെറ്റായിരുന്നെന്നും ഇപ്പോൾ കിട്ടിയ ചിലതിനായി നാം കൊടിപിടിക്കണമെന്നും ഉള്ള നവയുഗക്കൂട്ടങ്ങളുടെ നവ-ഇസങ്ങൾ യഹോവയുടെ യാഗപീഠത്തിൽ നിന്നും പച്ചമാംസം കൈക്കലാക്കി തങ്ങളെ തന്നെ കൊഴുപ്പിക്കാനുള്ള വെറും മുപ്പല്ലി പ്രയോഗങ്ങൾ മാത്രം!!. മേദസ്സ് ദഹിക്കുന്നത് വരെ കാത്തിരിക്കാൻ കഴിയാത്ത "അതിവേഗക്കാരായ" ഇത്തരം തീവ്രസംഘങ്ങളുടെ ആവിഷ്ക്കാരങ്ങളും അവതരണങ്ങളും അങ്ങേയറ്റം അപകടം നിറഞ്ഞതാണ്.

അപ്പന്മാരുടെ കസേരയുടെ മറവിൽ യാഗപീഠത്തിൽ എന്ത് അതിക്രമവും ആകാം എന്ന യൗവനക്കാരുടെ നിലപാടുകൾ ശരിയല്ല. പിന്തുടർച്ചയായി കൈവരുന്ന പൗരോഹിത്യം യാഗം ചവിട്ടാനുള്ള അനുമതിയല്ല!! വ്യവസ്ഥവിട്ടു യാഗപീഠത്തിലേക്ക് കരങ്ങൾ നീട്ടിയാൽ അതിനെതിരായി വെളിപ്പെടുന്ന ദൈവകരത്തെകുറിച്ചറിവുള്ള വചനത്തിന്റെ മുന്നറിയിപ്പുകൾക്ക് തെല്ലും വിലകൊടുക്കാതെ വാരിയെറിയുന്ന പണത്തിന്റെയും അധികാരഹുങ്കിന്റെയും നേതൃത്വനിരകളിലെ സ്വാധീനതകളുടെയും മറവിൽ തടിമിടുക്കും തന്റേടവും ഉള്ള യൗവ്വനക്കാരുടെ യാഗപീഠത്തിന്റെ മുൻപിലെ അഴിഞ്ഞാട്ടങ്ങളും നിയമലംഘനങ്ങളും വരുത്തി വയ്ക്കുന്ന ദുരന്തങ്ങൾ ചെറുതല്ല. അയ്യയ്യോ!!! അഗാധവേദജ്ഞാനത്തിന്റെ അച്ചിലിട്ടു രൂപപ്പെടുത്തിയെന്നവകാശപ്പെടുന്ന അചേതനങ്ങളായ ആശയങ്ങളും വചനസത്യങ്ങളിലെ അപരിചിതത്വത്തിന്റെ അവിവേക പ്രഖ്യാപനങ്ങളും അധികാര സിംഹാസനങ്ങളിലെ അചലബിംബങ്ങളും അവയോടുള്ള അതിരുകടന്ന വ്യക്തി പൂജകളും ദൈവം വിലക്കിയ ബാബിലോന്യമേലങ്കിയും വെള്ളിക്കട്ടികളും കുഴിച്ചിട്ടിട്ട് അതിന്റെ മുകളിൽ നിന്നുകൊണ്ട് ആടി മറിയുന്ന ആധാന്യ "സ്തുതി-വർഷിപ്പ്" സംഘങ്ങളും മറ്റും മറ്റും ആത്മ മണ്ഡലത്തെ കശാപ്പു ചെയ്യുന്ന കാലം!!!! മാറി മറിയുന്ന വർണ്ണ വെളിച്ചത്തിൽ കനത്ത ശബ്ദങ്ങൾ സൃഷ്ടിച്ചു ചാടിമറിയുന്നതാണ് ആരാധനയെന്നും വചനം പറയാത്തത് പ്രസംഗിക്കുന്നതാണ് വെളിപ്പാടെന്നും കൃപാവരങ്ങളുടെ മറവിൽ നടക്കുന്നതെല്ലാം അന്ത്യകാല അഭിഷേകത്തിന്റെ പ്രദർശനങ്ങൾ ആണെന്നുള്ള വാദങ്ങൾ നിരത്തുന്ന ഇന്നത്തെ തലമുറ അറിഞ്ഞോ അറിയാതെയോ അപമാനിക്കുന്നത് യഹോവയുടെ വഴിപാടുകളെയാണ്. ഒന്ന് ശ്രദ്ധിക്കൂ;- തിന്നു കൊഴുക്കാൻ പച്ച മാംസത്തിനായി ദൈവീക ശുശ്രൂഷകളെയും അധികാരങ്ങളെയും ദുർവിനയോഗം ചെയ്യുമ്പോൾ "എന്റെ ജനത്തെ തെറ്റിച്ചുകളയുകയും പല്ലിനു കടിപ്പാൻ വല്ലതും ഉണ്ടെങ്കിൽ സമാധാനം പ്രസംഗിക്കുകയും അവരുടെ വായിൽ ഒന്നും ഇട്ടുകൊടുക്കാത്തവന്റെ നേരെ വിശുദ്ധയുദ്ധം ഘോഷിക്കയും ചെയ്യുന്നവരെകുറിച്ചുള്ള" യഹോവയുടെ വചനം ഗ്രഹിച്ചാലും!!.

കുറ്റവും ശിക്ഷയും

# ദസ്തയോവ്സ്കി



ആഷേർ മാത്യു, ഇരവിപേരൂർ
asherkaleekal@gmail.com

അനശ്വരതയെ സ്പർശിച്ചു നിൽക്കുന്ന ഒരു ഗിരിശിഖിരം. മലയാളസാഹിത്യത്തിൽ അനേകം പ്രിയപ്പെട്ട എഴുത്തുകാരുണ്ടെങ്കിലും, ഒരു റഷ്യക്കാരൻ എങ്ങനെ എന്റെ പ്രിയപ്പെട്ട എഴുത്തുകാരിൽ ഒരാളായി മാറി?.

'ഒരു സങ്കീർത്തനം പോലെ', തന്നെയാവണം. പെരുമ്പടവം ശ്രീധരൻ മനസ്സിലേക്ക് കോറിയട്ട ദസ്തയോവ്സ്കി.

ഡിഗ്രി ക്ലാസ്സുകളിൽ 'കുറ്റവും ശിക്ഷയും' (Crime and Panishment) ഉച്ചമയക്കത്തിന് ഇട കൊടുക്കാതെ, ശ്രദ്ധിച്ചിരുന്നതിന്റെ കാരണം, ജിജ്ഞാസ മാത്രമായിരുന്നില്ല. പല കുറ്റങ്ങൾക്കും ലഭിച്ചതും, ലഭിക്കാനിരിക്കുന്നതുമായ ശിക്ഷയെപ്പറ്റിയുള്ള ചിന്തയും, ഭയവുമായിരുന്നു എന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല.

ഒരു കൊലപാതകം നടത്തിയ ചെറുപ്പക്കാരന്റെ കഥയാണ് 'കുറ്റവും ശിക്ഷയും'. കൊലപാതകത്തിനു ശേഷം യുവാവ് അനുഭവിക്കുന്ന മാനസിക സംഘർഷവും, കുറ്റബോധവുമൊക്കെ ദസ്തയോവ്സ്കി വരച്ചു കാട്ടുമ്പോൾ മനസ്സും അറിയാതെ കൂടെപ്പോയി. അവസാനം, ശിക്ഷ ലഭിച്ച് കൽത്തുറങ്കിൽ കിടക്കുന്ന കഥാപാത്രത്തോടൊപ്പം, മനസ്സും..... ശാന്തമാകുന്നു.

ബാലശിക്ഷ.

പിതാവ്, താൻ സ്നേഹിക്കുന്ന മകനെ ബാലശിക്ഷ നല്കി വളർത്തുന്ന എന്ന സത്യം അനുഭവത്തിലൂടെ മനസ്സിലാക്കിയപ്പോൾ, അവിടെ ശിക്ഷയെ സ്നേഹിക്കുവാൻ തുടങ്ങുകയായിരുന്നു.

മനസ്സ്.... എപ്പോഴൊക്കെ..... നിഷേധിക്ക് വഴിമാറി.... ഇന്റർനെറ്റിൽ വീഡിയോകൾ പലതും പരതി. സഭയിലെ പാസ്റ്ററുടെ ഉപദേശത്തിൽ അത്രെ വിശ്വാസം പോരാ. ചെറുപ്പക്കാരുടെ വാദങ്ങൾക്ക് ഉപദേശിമാരുടെ മറുപടി. പിന്നെ ഒരുമിച്ചുള്ള സംവാദങ്ങൾ. എന്നിട്ടും..... കാറ്റത്തെ അപ്പൂപ്പൻ താടി പോലെ മനസ്സ് പറന്ന് നടന്നു.

ഒരു രാത്രി.

സുഖസുക്ഷുപ്തിയിൽ മയങ്ങി കിടക്കുമ്പോൾ, ആരോ..... തട്ടിയുണർത്തി.

ആരാണ്?

ഞാൻ..... ദസ്തയോവ്സ്കിയുടെ ചെറുപ്പക്കാരൻ.

ആണ്ടറുതിയോഗത്തിനെടുത്ത തീരുമാനമാണ്. ദിവസവും ഒരാളോടെങ്കിലും സുവിശേഷം പറയണം.

കുറച്ച് നാളുകൾ ആ തീരുമാനം നടപ്പിലാക്കാൻ പറ്റിയെന്നാണ് ഓർമ്മ.

ഒരു വൈകുന്നേരം.

നേർച്ച നിവർത്തിച്ച് മടങ്ങിവരുമ്പോൾ കൂട്ടുസഹോദരന്റെ സംശയം.

"നമ്മൾ പറഞ്ഞത് അവർക്ക് മനസ്സിലായി കാണുമോ? നമ്മൾ പറഞ്ഞതിന് എന്തെങ്കിലും പ്രയോജനം....?"

"അത് നമ്മളെ ബാധിക്കുന്ന കാര്യമല്ല. പറയാനുള്ളത് ഞാൻ പറഞ്ഞു. എന്റെ ജോലി തീർന്നു."

അന്നും സുഖമായി ഉറങ്ങി. തീരുമാനം മുടങ്ങാതെ നടപ്പാക്കാൻ പറ്റിയതിന്റെ സന്തോഷത്തോടെയും, ദൈവം ശിക്ഷിക്കില്ലല്ലോ എന്ന ആശ്വാസത്തോടെയും......

ഞാൻ കുറച്ച് തിരക്കിലാണ്.

വക്കീലിനെ കാണണം. എന്റെ പേരിൽ കേസൊന്നുമില്ല. സഭയുമായി ബന്ധപ്പെട്ടാണ്. തല്കാലം എന്നെ ശല്യപ്പെടുത്തരുത്.

ദസ്തയോവസ്കി......

നിന്നെ ഞാൻ കുപ്പിയിലടച്ച് ഭൂതകാലത്തിലേക്ക് എറിഞ്ഞിട്ടിരിക്കുകയാണ്.

തല്കാലം ഞാൻ പീലാത്തോസിന്റെ കഥാപാത്രത്തിലേക്ക് കൂടുമാറുകയാണ്.

"ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ല".

തെറ്റാണ്...... ഘനഗംഭീരമായ ശബ്ദം. എഴുത്തുകാരനാണ്.

കണ്ണുകൾ ചുവന്നിരിക്കുന്നു.

"ഞാൻ എഴുതിയ വാചകങ്ങൾക്ക് മാറ്റം വരുത്തരുത്. ശ്രദ്ധിച്ചു വായിക്കൂ."

വിറയാർന്ന കൈകൾക്കൊപ്പം, അധരങ്ങളും വിറച്ചു. ഇത്രയും നാൾ എന്റെ കണ്ണ് കുരുടായിരുന്നോ?

"ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് കുറ്റം ഇല്ല."

വേദിയിൽ നിറഞ്ഞാടാൻ മനസ്സനുവദിക്കുന്നില്ല. കൽത്തുറങ്കിൽ അടക്കപ്പെടണം.

മരിക്കണം. പിന്നെ.... ജീവിക്കണം

ദസ്തയോവസ്കിയുടെ ചെറുപ്പക്കാരനെപ്പോലെ.......... ഒരു പുനരുജ്ജീവനം.

നേരം വൈകിയിരിക്കുന്നു. യാത്ര തുടങ്ങണം. കൂട്ടായി, ഞാൻ കാര്യസ്ഥനെ കാത്തിരിക്കുകയാണ്.

# ഭാരവാഹികൾ



പാസ്റ്റർ സിജു കെ.തോമസ്



ജോബി എബ്രഹാം

**എറണാകുളം:** സോണൽ പി. വൈ. പി. എ പ്രസിഡന്റായി പാസ്റ്റർ സിജു കെ.തോമസ്, സെക്രട്ടറിയായി ജോബി എബ്രഹാം വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ വൽസൻ പീറ്ററും ബേസിൽ ബേബിയുമാണ് വൈസ് പ്രസിഡന്റുമാർ. ജോയിന്റ് സെക്രട്ടറിമാരായി പാസ്റ്റർ ഷിബു എൽദോസ്, റോബിൻ ഡേവിഡും തിരഞ്ഞെടുക്കപ്പെട്ടു. ജിജോ വർഗീസാണ് പുതിയ ട്രഷറാർ.



മാധ്യമവിചാരം

# കുമ്പനാട്ട് നിന്ന് വല്ല നന്മയും വരുമോ?



അനിൽ കൊടിത്തോട്ടം
9495733727

നമ്മൾ പെന്തെക്കോസ്ത് യെരുശലേമിലേക്ക് എത്തിക്കഴിഞ്ഞു. പരേതനായ ജോൺ അയ്യാപിള്ള സാറിന്റെ സ്ഥലം വിറ്റുകിട്ടിയ പണംകൊണ്ട് വാങ്ങിയ സ്ഥലമെന്ന് ശാരോൻകാരും അങ്ങനെയല്ലെന്ന് ചില ഐ. പി. സിക്കാരും വിശ്വസിക്കുന്ന ഇടം. അതായത് കുമ്പനാട് കൺവൻഷൻ ഗ്രൗണ്ട് എന്ന ഹെബ്രോൻപുരം.

ക്ഷേത്രങ്ങളിലും മറ്റും ആൾ അടുക്കുന്നത് ഭക്തിക്കൊപ്പം അവിടുത്തെ ഉത്സവപ്രതീതി കൂടി ഉന്നം വച്ചാണ്. കുമ്പനാട് മുമ്പൊക്കെ ദൈവമക്കളെ ആകർഷിക്കുന്ന ഘടകം ദൈവവചന പ്രസംഗം ആയിരുന്നു. ഭക്ഷണപ്പൊതി കെട്ടിയും ബദ്ധപ്പാട് സഹിച്ചും പരിസരഭവനങ്ങളിലെ പരിമിതിക്കുള്ളിൽ ആഹാരം വച്ചുകഴിച്ചും അന്ന് ദൈവമക്കൾ കുമ്പനാട് കൺവൻഷനെ സജീവമാക്കിയിരുന്നു. കുക്ക് സായ്പ് വാഗ്ദത്തം ചെയ്ത പ്രതിമാസശമ്പളം നിരാകരിച്ച് ഭാരതീയ തനിമയുള്ള ഒരു പ്രേഷിതപ്രവൃത്തിക്ക് തുനിഞ്ഞിറങ്ങിയ പൂർവന്മാരുടെ ശക്തി അവരുടെ ദർശനത്തിലായിരുന്നു. തൊണ്ണൂറുകൾ വരെ അത് തരക്കേടില്ലാതെ തുടർന്നു. യുദ്ധം അറിയാത്തൊരു തലമുറ പടനയിക്കുവാൻ എത്തുന്നതോടെ സ്ഥിതി മാറി. അവർക്ക് പാളയത്തിൽ പടയോടെയായി താല്പര്യം.

ഇന്നാരെങ്കിലും കുമ്പനാട് എത്തുമെങ്കിൽ അവർ എന്താണ് പ്രതീക്ഷിക്കേണ്ടത്. പടിഞ്ഞാറുനിന്ന് ഒരു കോലാട്ടുകൊറ്റൻ സകല ഭൂതലത്തിലുംകൂടി നിലംതൊടാതെ പാഞ്ഞുവന്ന് ആട്ടുകൊറ്റനെ ഇടിച്ച് ചട്നി പരുവത്തിലാക്കുമോ? കോലാട്ടുകൊറ്റൻ പ്രബലനാകുമോ? അവന്റെ സെൻറ്റോ സോണലോ സ്റ്റേറ്റോ നാല് കഷണമായി തീരുമോ? ഇത്യാദി കാഴ്ചകൾ കാണാൻ നമ്മൾ നിർബന്ധിതരാകും. കുമ്പനാടെന്നല്ല പെന്തെക്കോസ്ത് സഭകളുടെ ജനറൽ കൺവൻഷനുകളെല്ലാം നിലവാരം ഇടിയുന്ന സ്ഥിതിയിലേക്ക് ഒതുങ്ങി. അധികാരമോഹത്തിന്റെ അർബുദം ബാധിച്ച അമരക്കാർ തൻപോരിമയ്ക്കകത്ത് ഒതുങ്ങിനിന്ന് ക്രിസ്തുവിനെ പ്രസംഗിക്കാൻ തിരക്കിട്ട് എത്തുമ്പോൾ സ്വതസിദ്ധമായ കൃത്രിമത്വം പുറത്തെടുക്കാൻ നിർബന്ധിതരാകും. യാതൊരു ആത്മീകസന്തോഷവും ഇല്ലാതെ ജനം വീർപ്പുമുട്ടും. വിദേശത്ത് ചേക്കേറി ഉണ്ടാക്കിയെടുത്ത സമ്പത്തിൽ നിന്ന് പത്ത് പുത്തൻ കൊടുത്താൽ ഏതു കടിഞ്ഞൂൽ പൊട്ടനും കുഞ്ഞുമോനെന്നോ കൊച്ചുമോനെന്നോ വ്യത്യാസമില്ലാതെ കസറാം. ഇത്തരക്കാരുടെ പണം കൈപ്പറ്റി കൺവൻഷൻ നടത്തുന്ന മെത്രാൻമാർക്കും കിട്ടും ഒരു കൈമടക്ക്. ഭൂട്ടാൻ ഡാറ്റാ അടിച്ചതുപോലെ.

ഊമക്കത്ത് സാഹിത്യ തറവാട്ടിലെ തലമുതിർന്ന കാരണവർ മഹാപീഡനം സാംകുട്ടി ഇങ്ങനെ പണം നൽകി വേദി ചോദിച്ചുവാങ്ങുന്ന മഹാനാണ്. ഊമക്കത്തുകാരുടെ ജീവാത്മാവും പരമാത്മാവും വ്യാജ ഡോക്ടറേറ്റ് കേസിന് പണം മുടക്കുന്നതും സാംകുട്ടിയാണെന്ന വസ്തുത ഏതാണ്ടൊക്കെ പരസ്യമായതോടെ സാംകുട്ടിയുടെ പാളംതെറ്റിത്തുടങ്ങി. വർഷം തോറും ഓരോ കെട്ട് സാംകുട്ടി സാഹിത്യം കൺവൻഷൻ ഗ്രൗണ്ടുകളിൽ കൊണ്ടുനടന്ന് വിതരണം ചെയ്തിട്ട് സാംകുട്ടി തട്ടും, 'നൂറാംപതിപ്പ് പുറത്തിറങ്ങി!' അല്പത്തരത്തിന് കൈയും കാലും വെച്ച ആൾരൂപമേ അങ്ങയുടെ പേരോ മഹോദ്രപം സാംകുട്ടി?

ഇതുവരെ നാം ചിന്തിച്ചത് സാംകുട്ടി ഒന്നാമൻ എന്ന മഹാനെക്കുറിച്ചാണ്. തൊട്ടുപിന്നാലെ ഒരു സാംകുട്ടി രണ്ടാമൻ കൂടിയുണ്ട്. നമുക്ക് വചനം കേൾക്കാൻ ഇനി മാരാമണ്ണിലോ പാമലയിലോ പോകണം എന്ന് ആത്മഗതം ചെയ്ത മറ്റൊരു സാംകുട്ടിയെ ഓർമ്മവരുന്നു. മഹോദ്രപം സാംകുട്ടിയെ ഓർക്കുമ്പോഴൊക്കെ ഇദ്ദേഹത്തെയും ഓർമ്മവരും. ആളുടെ കേരളത്തിലെ ബാന്റ് അംബാസഡിറാണ് ഈ മഹാൻ. ഊമക്കത്ത് സാഹിത്യം കൊണ്ട് ഊടാടി സഞ്ചരിച്ച് അമേരിക്കയെയും ആവേശതിമിർപ്പിൽ ആറാടിക്കാൻ മഹോദ്രപം സാംകുട്ടിക്ക് തുണനിന്ന ഈ പരാക്രമി നിരന്തരം തോൽക്കാൻ വിധിക്കപ്പെട്ടൊരു ജന്മം! ഇനിയുള്ള കാലം ആർക്ക് ഹല്ലേല്ലുയ്യാ പാടും! ലൂസിഫേർ ആത്മാവുള്ള പൊങ്ങച്ചവീരന്മാർ ഉള്ളിടത്തോളം ഇത്തരം പത്രാധിപന്മാർക്ക് വലിയ അടിവ് പറ്റുകയില്ല. ഊമക്കത്തിനാൽ തന്നെ സഹായിച്ച സാംകുട്ടി രണ്ടാമനെ സഹായിക്കണം. ഒന്നാമൻ തീരുമാനിച്ചു. വെറുതെ പറ്റില്ലല്ലോ. തന്നെ മഹാനാക്കി തന്റെ ആത്മകഥാകുറിപ്പ് ഖണ്ഡശ്ശ പ്രസിദ്ധീകരിക്കണം വാക്കുറപ്പിച്ചു. വായനക്കാർക്ക് ഇപ്പോൾ ഇരുവരും തമ്മിലുള്ള ബാന്ധവത്തിന്റെ ആഴം ബോധ്യം വരുമല്ലോ. ഒരാൾ മുളക്കുഴയിലാണ്. ശല്യം ഉണ്ടാക്കുന്നതെങ്കിൽ അപരൻ കുമ്പനാട് സംസ്ഥാന കാര്യദർശിയുടെ കസേര ലക്ഷ്യമിട്ടുള്ള കളികളിലാണ്.

ജനറൽ കൺവൻഷനുകളിലെ സ്പോൺസേർഡ് മിനിസ്ട്രിക്കെതിരെ വിശ്വാസികൾ പ്രതികരിച്ചു തുടങ്ങണം. മാമോന്റെ ബലത്തിൽ യേശുവിനെ പ്രസംഗിക്കാൻ ദൈവജനത്തിന്റെ നടുവിൽ അന്യാഗ്നി കത്തിച്ചിറങ്ങുന്ന ദ്രവ്യദാസന്മാർ ദൈവവചനശുശ്രൂഷയുടെ പവിത്രത നശിപ്പിക്കുന്ന പരിപാടിക്കെതിരെ നിലപാട് സ്വീകരിക്കണം. ഉള്ളടക്കം ഇല്ലാത്തതിനാൽ വാഗ്കസർത്തുകൊണ്ട് കളം മൂപ്പിക്കുന്ന ഊളന്മാരുടെ ഇംഗിതത്തിനൊത്തുതുള്ളാൻ ദൈവമക്കൾ തയ്യാറാകരുത്. നിന്നോടുകൂടെ നിന്റെ ദ്രവ്യവും നശിക്കട്ടെ എന്നു പറയാനുള്ള ആർജ്ജവം വിശ്വാസികൾക്കുണ്ടാകണം. മാധ്യമങ്ങളെല്ലാം ഈ ലക്കം വാർത്തയാക്കുന്നത് ജനറൽ കൺവൻഷനുകളുടെ ഉദ്ഘാടനവും സമാപനവുമൊക്കെയാണ്. അതുകൊണ്ടുമാത്രം മാധ്യമവിചാരത്തിൽ ഇത്തരം ചിന്തകൾ വിഷയീഭവിച്ചു.

ക്രൈസ്തവചിന്തയിൽ എഡിറ്റോറിയലായി കണ്ടത് ദൈവവചന പ്രസംഗം കൺവൻഷനുകളിൽ ശക്തമാക്കണം എന്നതായിരുന്നു. വരിസംഖ്യ കിട്ടാത്തതോ വായനാവിഭവങ്ങളിലില്ലാത്തതോ എന്തോ ദാരിദ്ര്യ രേഖയ്ക്ക് താഴേക്ക് നിപതിച്ച പത്രം സ്വർഗ്ഗീയധ്വനിയാണ്. പേജുകളുടെ എണ്ണം എട്ടായി ചുരുങ്ങുകയും ഗൗരവവായനയ്ക്ക് വേണ്ടത് നൽകാതെയും സ്വർഗ്ഗീയധ്വനി ഇങ്ങനെപോയാ

05

കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ, 9567759748



MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 01
RNI. NO. KERMAL/2008/26530
POSTAL REG. NO. KL/TLA/225/2015-17

# BELIEVERS JOURNAL

PUBLISHED ON 10/01/2015

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Posted at RMS Thiruvalla

Annual Sub.
₹ 150

ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ ചെന്നൈ അമ്പത്തൂർ റെയിൽവേ സ്റ്റേഷന് സമീപം ഒരു പ്രാർത്ഥനാലയം.

**IPC GILGAL ASSEMBLY**

Ambattur, ICF Employees Colony
4th Scheme, Ambattur - 58

ആരാധന
എല്ലാ ഞായറാഴ്ചയും രാവിലെ 8 മണി മുതൽ 11 വരെ

ഉപവാസപ്രാർത്ഥന
എല്ലാ ചൊവ്വാഴ്ചയും, വെള്ളിയാഴ്ചയും
രാവിലെ 10.30 മുതൽ 12.30 വരെ

കാത്തിരിപ്പ് യോഗം
എല്ലാ ശനിയാഴ്ചയും വൈകിട്ട് 7 മണി മുതൽ

Contact
PR. RIJU M. KURIAN
IPC GILGAL ASSEMBLY
Mob: 08939276732, 08939276867
Email: riju.mkurian77@gmail.com

ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളത് നീയും അറിഞ്ഞു എങ്കിൽ കൊള്ളാമായിരുന്നു

ബെഥേൽ ഗോസ്പൽ അസംബ്ലി
സിൽവർ ജൂബിലി
25-ാമത് ജനറൽ കൺവൻഷൻ
ബെഥേൽ ഗ്രൗണ്ട്, പത്തനാപുരം
2015 ജനുവരി 15 മുതൽ 18 വരെ



പ്രസംഗകർ
റവ.ഡോ. ജോയി പി. ഉമ്മൻ
സിസ്റ്റർ ഗ്രേയ്സ് ഉമ്മൻ
പാസ്റ്റർ: കെ. ജോയ്, ന്യൂഡൽഹി
പാസ്റ്റർ: സാം റ്റി. മുഖത്തല
പാസ്റ്റർ: മാത്യു സാമുവൽ
പാസ്റ്റർ: കെ.ജെ.തോമസ് കുമളി
പാസ്റ്റർ: കെ.ഒ. തോമസ് തൃശൂർ
പാസ്റ്റർ: ജോൺസൺ ജോർജ്ജ്
പാസ്റ്റർ M.O. ...

സംഗീതശുശ്രൂഷ: മിശിഹാ വോയ്സ്, കൊട്ടാരക്കര

സാംസ്കാരിക സമ്മേളനം
17

ഉദ്ഘാടകൻ
മുഖ്യാതിഥി
സാന്നിദ്ധ്യം

NAVAJYOTHI
നവജ്യോതി
ആയുർവേദ പാരമ്പര്യ-ഗൃഹവൈദ്യശാല

കെ.എം. ബിനോയ് വൈദ്യർ
സിസ്റ്റർ ഷിന്റു ബിനോയ്
09048712570
09400566214

പ്രമേഹം
പാൻക്രിയാസിന്റെ പ്രവർത്തനതകരാറുമൂലംവരുന്ന രക്തത്തിലെ അമിതമായ പഞ്ചസാരയുടെ (Blood Sugar) അളവ് ക്രമീകരിക്കുന്നു.

ഹാർട്ട് ബ്ലോക്ക്
ഹാർട്ടിലെ ധമനികളിൽ അടിഞ്ഞുകൂടിയ കൊഴുപ്പുകൾ ഹൃദയസ്തംഭനത്തിന് വരെ കാരണമാകേണ്ടാവുന്നതിന് പൂർണ്ണമായ ആയുർവേദ പച്ചമരുന്ന് ചികിത്സ

സോറിയാസിസ്
തലയിൽ താരനായി തുടങ്ങി തലമുതൽ പാദം വരെ ചൊറിഞ്ഞ് പൊട്ടുക, വട്ടത്തിൽ തൊലിയിളകുക, കറുപ്പും ചുവപ്പും നിറവ്യത്യാസമുണ്ടാവുക, ദുർഗന്ധം വമിക്കുക, ആനത്തൊലിപോലെ പരുപരുപ്പുള്ളതാകുക എന്നിവയ്ക്കെല്ലാം ഫലപ്രദമായ പച്ചമരുന്ന് ചികിത്സ.

ഡിസ്ക് തകരാറുകൾ
കാലപ്പഴക്കമേറിയ നടുവേദനമുതൽ ഡിസ്ക് തള്ളൽ, അകൽച്ച, തേയ്മാനം, നീർക്കെട്ട് രക്തയോട്ടം ഇല്ലായ്മ എന്നിവയ്ക്ക് ചുരുങ്ങിയ ദിവസം കൊണ്ട് ഫലപ്രാപ്തി കാണുന്നു.

താരൻ
തലയിൽ പൊടിപോലെ വരികയും ചൊറിച്ചിൽ, മുടികൊഴിച്ചിൽ എന്നിവയ്ക്ക് കാരണമാകുന്ന താരന് പാർശ്വഫലങ്ങളില്ലാത്ത ഫലപ്രദമായ ചികിത്സ

* 100% പച്ചമരുന്ന് ചികിത്സ *

e-mail: kmbinoyvaidyan@gmail.com
www.navajyothiayurveda.com



K.M. BINOY VAIDYAR & FAMILY

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.